# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 6/2027/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 6/2027/2023 തീയ്യതി: 03/10/2023

## മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-02-2023 മുതൽ 20-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-08-2023 | 02-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-08-2023 | 02-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ ജലീൽ ടി. പി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. രാമകൃഷ്ണൻ ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. റഷീദ് വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷീബ പി., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. റുബീന പി. | പ്രസിഡന്റ് | 01-04-2022 | 18-08-2022 |

| | | | |
|---|---|---|---|
| ശ്രീമതി. സിതാര ഇ. | പ്രസിഡന്റ് | 19-08-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് അഷ്റഫ് വൈ. പി. | സെക്രട്ടറി | 01-04-2022 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഗ്രീഷ്മ ജി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. അനിത | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഡോ.ബുഷ്റ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.വിനോദിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.സഫിയ .എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.രാംകുമാർ | വെറ്ററിനറി സർജൻ | 01-04-2022 | 08-08-2022 |
| ഡോ. രാജൻ പി. | വെറ്ററിനറി സർജൻ | 09-08-2022 | 31-03-2023 |
| ശ്രീ.മിഥുൻ. ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ശിവപ്രസാദ് പി.എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. മമ്മദ് അബ്ദുൽ ലത്തീഫ് എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 27-10-2022 |
| ശ്രീ. ജോസ് സി. എം. | അസിസ്റ്റന്റ് സെക്രട്ടറി | 28-10-2022 | 03-11-2022 |
| ശ്രീ. ശബരീകൃഷ്ണ ബി. ആർ | അസിസ്റ്റന്റ് സെക്രട്ടറി | 04-11-2022 | 31-03-2023 |
| ശ്രീ. അബ്ദുൽ റഷീദ് കെ. എ. | വില്ലേജ് എക്സ്റ്റൻഷർ ഓഫീസർ | 01-04-2022 | 01-09-2022 |
| ശ്രീ. ഫാജിഷ് വഹാബ് | വില്ലേജ് എക്സ്റ്റൻഷർ ഓഫീസർ | 02-09-2022 | 06-01-2023 |
| ശ്രീ. ജയപ്രകാശ് കെ. വി. | വില്ലേജ് എക്സ്റ്റൻഷർ ഓഫീസർ | 07-01-2023 | 18-01-2023 |
| ശ്രീ. സാജൻ എൻ. | വില്ലേജ് എക്സ്റ്റൻഷർ ഓഫീസർ | 19-01-2023 | 31-03-2023 |
| ശ്രീമതി. ഷബാൻ യാസ്മിൻ കെ.ടി. | കൃഷി ഓഫീസർ | 01-04-2022 | 23-07-2022 |

| | | | |
|---|---|---|---|
| ശ്രീമതി. നഫ്ല | കൃഷി ഓഫീസർ | 24-07-2022 | 30-07-2022 |
| ശ്രീ. ഉമ്മർകോയ ടി. | കൃഷി ഓഫീസർ | 01-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | തൊഴിലുറപ്പുപദ്ധതി – തുക വ്യത്യാസം | 1-1-5 |
| 7 | ലോൺ രജിസ്റ്ററിൽ ശരിയായി വിവരം ലഭ്യമല്ല. | 1-1-6 |
| 8 | വിവിധ അക്കൗണ്ടുകളിലെ തുകകൾ വാർഷികകണക്കുമായി പൊരുത്തമില്ല. | 1-1-7 |
| 9 | വിവിധ ഫണ്ടിനങ്ങളിൽ തുക വ്യത്യാസം | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 20 | നിക്ഷേപ പ്രവൃത്തികൾ- അവലോകനം | 1-12 |
| 21 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 22 | വാഹന വാടകയിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല | 1-14 |
| 23 | മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു. | 1-15 |
| 24 | വീട് വാസയോഗ്യമാക്കൽ - മൂല്യനിർണ്ണയ തുകയിൽ പരിമിതപ്പെടുത്താതെ ധനസഹായം അനുവദിച്ചു. | 1-16 |
| 25 | ലൈഫ് ഭവനപദ്ധതി - അധിക തുക അനുവദിച്ചത് തിരികെ ഈടാക്കി. | 1-17 |
| 26 | പാലിന് സബ്സിഡിയായി അധിക തുക അനുവദിച്ചു. | 1-18 |
| 27 | ലൈസൻസ് ഫീസ് കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 8,500 രൂപ നഷ്ടം. | 1-19 |
| 28 | ചിങ്ങമ്പറ്റ വൈദ്യുതി ലൈൻ ത്രീഫേസാക്കൽ -ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തി | 1-20 |
| 29 | പഴയ പഞ്ചായത്ത് ഓഫീസ് സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - | 1-21 |

| | | |
|---|---|---|
| | കരാറുകാരനെ തെരഞ്ഞടുത്തതിന്റെ വിവരം ലഭ്യമല്ല. | |
| 30 | കേരളോൽസവം - രേഖകൾ ലഭ്യമാക്കിയില്ല. | 1-22 |
| 31 | വണ്ടർഫുൾ വണ്ടർ പദ്ധതി – അപാകതകകൾ | 1-23 |
| 32 | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി - അപാകതകൾ | 1-24 |
| 33 | വിവാഹ ധനസഹായം (എസ് സി )-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക അനുവദിച്ചു. | 1-25 |
| 34 | അസിസ്റ്റൻറ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ -സർക്കാർ നിർദ്ദേശം പാലിക്കാതെ സിഡ്കോയിൽ നിന്നും വാങ്ങൽ നടത്തി | 1-26 |
| 35 | സിഡ്കോ മുഖേന ഫർണ്ണീച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-27 |
| 36 | ആർട്ട്കോ മുഖേന നടത്തിയ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-28 |
| 37 | ചെലവുരേഖകൾ ലഭ്യമാക്കിയില്ല. | 1-29 |
| 38 | പൊതു വിഭാഗം കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണിക്ക് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചു | 1-29-1 |
| 39 | പ്രീപ്രൈമറി കലോൽസവത്തിന് തുക നൽകിയത് ക്രമവിരുദ്ധം | 1-29-2 |
| 40 | ഭിന്നശേഷി ഗ്രാമസഭക്ക് തുക അനുവദിച്ചത് – വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-29-3 |
| 41 | വാർഷിക പദ്ധതികൾക്ക് അംഗീകാരം നേടിയ ശേഷം വികസന സെമിനാർ നടത്തി | 1-29-4 |
| 42 | കെ എസ് ഇ ബി യ്ക്ക് തുക നല്കിയത് - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. | 1-29-5 |
| 43 | മഴക്കാല പൂർവ്വ ശുചീകരണത്തിന് തുക നൽകിയത് – വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 1-29-6 |
| 44 | എൻ ആർ ഇ ജി എസ് പ്രവൃത്തികൾ - മെറ്റീരിയലുകൾ സപ്ലൈ ചെയ്തതിനു പണം നൽകിയപ്പോൾ ജി.എസ്.ടി കുറവ് ചെയ്യാതിരുന്നത് – ആകെ 66,204 രൂപ അടവാക്കി | 1-30 |
| 45 | അനുപൂരക പോഷകാഹാര വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-31 |
| 46 | പരിരക്ഷ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-32 |
| 47 | കരിമ്പൻതൊടി SC കോളനി കുടിവെള്ള പദ്ധതി; അപാകതകൾ | 1-33 |
| 48 | കൺവീനർ പ്രവത്തി; ഓവർ ഹെഡ് ചാർജ് 5% കുറവ് ചെയ്തില്ല. | 1-34 |
| 49 | പുല്ലംപറമ്പ് ആർപ്പോയിൽ റോഡിന് ഡ്രൈനേജ് നിർമാണം; അപാകതകൾ | 1-35 |
| 50 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല | 1-36 |
| 51 | GI പൈപ്പ് സ്ഥാപിച്ചതിന് അധികനിരക്കിൽ തുക നൽകി. | 1-37 |
| 52 | പദ്ധതികളുടെ പ്രവൃത്തി സ്ഥലം യഥാസമയം കരാറുകാർക്ക് കൈമാറുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-38 |
| 53 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യാമായിട്ടില്ല. | 1-39 |
| | ഭാഗം **2** | |
| 1 | ലൈസൻസ് ഫീസ് കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 8,500 രൂപ നഷ്ടം. | 2-1 |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | വീട് വാസയോഗ്യമാക്കൽ - മൂല്യനിർണ്ണയ തുകയിൽ പരിമിതപ്പെടുത്താതെ ധനസഹായം അനുവദിച്ചു. | 3-1 |
| 2 | GI പൈപ്പ് സ്ഥാപിച്ചതിന് അധികനിരക്കിൽ തുക നൽകി.നഷ്ടം 14557 രൂപ | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് വണ്ടൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.7.2023 ലെ 2(1) തീരുമാന പ്രകാരം തയ്യാറാക്കി 12.7.2023 തീയ്യതിയിൽ പിന്നുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള വണ്ടൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്യ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻടീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി: 03-10-2023

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-3 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ല.

### 1-1-5 തൊഴിലുറപ്പുപദ്ധതി - തുക വ്യത്യാസം

തൊഴിലുറപ്പു പദ്ധതിയിൽ മൊത്തം ചെലവുതുക ഷെഡ്യൂൾ 1-6 (Income And Expenditure Statement)പ്രകാരം 4,70,87,382 രൂപയാണ്. എന്നാൽ സെക്രട്ടറി ലഭ്യമാക്കിയ കണക്ക് പ്രകാരം മൊത്തം ചെലവ് തുക 4,77,77,382 രൂപയാണ്. 52,27,397 രൂപയുടെ ആസ്തി തൻവർഷം സൃഷ്ടിച്ചിട്ടുണ്ടെങ്കിലും വിവരം രണ്ടിലും ഉൾപ്പെട്ടിട്ടില്ല.കൂടാതെ റീകൺസിലേഷൻ പത്രിക പ്രകാരം 6,87,243 രൂപ ഈ ഇനത്തിൽ നീക്കിയിരിപ്പുണ്ടെങ്കിലും വാർഷികകണക്കിൽ ആയത് (RP -40b & B-17 ) സീറോയാണ്. എന്നാൽ

ഷെഡ്യൂൾ B-4 ൽ 6,87,243 രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുമുണ്ട്.

## 1-1-6 ലോൺ രജിസ്റ്ററിൽ ശരിയായി വിവരം ലഭ്യമല്ല.

ലോൺ രജിസ്റ്ററിൽ ശരിയായി വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-5 ൽ രേഖപ്പെടുത്തിയ തുകയുടെ (5,29,48,318 രൂപ ) ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

## 1-1-7 വിവിധ അക്കൗണ്ടുകളിലെ തുകകൾ വാർഷികകണക്കുമായി പൊരുത്തമില്ല.

വാർഷികകണക്ക് ,RP -40b & B-17 പ്രകാരവും, റീകൺസിലേഷൻ പത്രിക പ്രകാരവും താഴെ പറയുന്ന അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് തുക വ്യത്യാസം.

| ഇനം | വാർഷികകണക്ക് പ്രകാരം തുക | റീകൺസിലേഷൻ പത്രിക പ്രകാരം തുക | വ്യത്യാസം |
|---|---|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക് (4363000100374445) | 2,96,149 | 5,22,260 | 2,26,111 |
| പഞ്ചാബ് നാഷണൽ ബാങ്ക് (4363000100374436) | 6,51,899 | 4,25,434 | 2,26,465 |

## 1-1-8 വിവിധ ഫണ്ടിനങ്ങളിൽ തുക വ്യത്യാസം

താഴെ പറയും പ്രകാരം വിവിധ ഫണ്ടിനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്,വാർഷികകണക്ക് എന്നിവയിൽ തുക വ്യത്യാസം

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് തുക | വാർഷികകണക്ക് പ്രകാരം ചെലവ് തുക | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3,00,13,420 | 3,04,08,649 | 3,95,229 |
| എസ് സി പി | 1,63,70,000 | 1,71,66,237 | 7,96,237 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 81,89,768 | 94,74,476 | 12,84,708 |
| സി എഫ് സി (ടൈഡ്) | 81,18,706 | 29,16,741 | 52,01,965 |
| സി എഫ് സി (അൺടൈഡ് ) | 30,47,685 | അക്കൗണ്ട് ചെയ്തിട്ടില്ല. | |

## 1-2 ബജറ്റ്

| 2022 -23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം-1 (1)/25.03.2022 | 7(1)/25.3.2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 80454809 |
| വരവ് | 282108745 |
| ആകെ | 362563554 |
| ചെലവ് | 264519162 |
| നീക്കിയിരിപ്പ് | 98044392 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22517516 | 22517516 | 22440936 | 76580 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 12393220 | 12393220 | 12393220 | 0 |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 331635 | 331635 | 264269 | 67366 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied ) | 0 | 5371338 | 5371338 | 3047685 | 2323653 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 12223869 | 12223869 | 8118076 | 4105793 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 21491000 | 21491000 | 10190928 | 11300072 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 10274000 | 10274000 | 8189768 | 2084232 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2022-23 | 291 | 322347951 | 211 | 131163818 | 0 | 80 | 72.5% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2757 | 1184413 | 1187170 | 1187170 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 46590212 | 46590212 | 46590212 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3248200 | 2199 |
| വിധവാ പെൻഷൻ | 23325700 | 14901 |
| വാർദ്ധക്യകാല പെൻഷൻ | 36291500 | 23972 |
| വികലാംഗ പെൻഷൻ | 8928600 | 5667 |
| വിവാഹ ധനസഹായം | 420000 | 14 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1456800 | 14 |

കുറിപ്പ്:-

മേൽ വിവിധ ഇനങ്ങളിൽ ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.08.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 8918/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽ പ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, ഭരണ സമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും അസി.എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2)നികുതി വരുമാനങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിലും നികുതി പുരോഗതി വിലയിരുത്തുന്ന കാര്യത്തിലും ധനകാര്യ സ്ററാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ധനകാര്യ സ്ററാൻഡിംഗ് കമ്മിറ്റിയുടെ മിനട്സ് ബുക്കിൽ ഇത്തരം പരാമർശങ്ങൾ ഇല്ല. ട്രഡേഴ്സിന്റെ വിവരങ്ങൾ സംബന്ധിച്ച് ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല.

3)സ.ഉ (കൈ) 84/22 തസ്വഭവ തി. 19.4.22 മാർഗരേഖ പ്രകാരം പ്രൊജെക്ട് നിർവഹണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം . എന്നാൽ മോണിറ്ററിംഗ് കാര്യക്ഷമമായി നടക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.01.2023 | 2022 നവംബർ മുതൽ 2022 ഡിസംബർ വരെ | 07.01.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.17 മുതൽ 25.02. 2017 വരെ | 2012-13 മുതൽ 2015-16 വരെ | 05.04.2017 |

## 1-11 തനത് വരുമാന സമാഹരണം - അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി വണ്ടൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം .

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 20 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ

വണ്ടൂർ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 18.04.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 1ാം നമ്പർ തീരുമാന പ്രകാരം താൽക്കാലികമായി നിശ്ചയിക്കുകയും പൊതുജനങ്ങൾക്ക് ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിന് 30 ദിവസം സമയം അനുവദിച്ച് വിവിധ പത്രങ്ങളിൽ അറിയിപ്പ് നൽകുകയും (നിരക്കുകൾ പരസ്യപ്പെടുത്താതെ) വിവിധ സർക്കാർ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ആക്ഷേപങ്ങൾ ഒന്നും ലഭിക്കാത്തതിനാൽ 2023 ജൂൺ 21 ലെ 5ാം നമ്പർ തീരുമാന പ്രകാരം അന്തിമമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നികുതി നിരക്കുകൾ ഉൾപ്പെടുത്താതെ കരട് വിജ്ഞാപനം അറിയിപ്പായി മാത്രം പ്രസിദ്ധപ്പെടുത്തിയത് ഭാവിയിൽ നിയമ പ്രശ്നങ്ങൾക്ക് കാരണമായി തീരാം എന്ന് മനസ്സിലാക്കിയതിനെ തുടർന്ന് കരട് വിജ്ഞാപനം 18.08.2023 ന് പുന:പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് 30 ദിവസത്തെ സമയത്തിന് ശേഷം ചേരുന്ന ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്ത് അന്തിമമാക്കുന്നതിന് തീരുമാനമെടുക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പരസ്യപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും ആയത് പരസ്യപ്പെടുത്തിയിട്ടില്ല. ഇത് കാരണം 01.04.2023ന് ശേഷം പുതുതായി വസ്തുനികുതി നിർണ്ണയം നടത്തുന്ന കേസുകളിലും പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയാണ് ചെയ്യുന്നത്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (കരട്) ഗ്രാമപഞ്ചായത്ത് പരസ്യപ്പെടുത്തിയിട്ടില്ല. പകരം, വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് മുമ്പ് തീരുമാനിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള മേഖലകളും റോഡുകളും മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഇത് പരസ്യപ്പെടുത്തിയിട്ടില്ല. അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും പ്രാഥമിക വിജ്ഞാപനം പോലും പുറപ്പെടുവിച്ചിട്ടില്ല.

4). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 707 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

വണ്ടൂർ ഗ്രാമപഞ്ചായത്ത് 6% സേവന ഉപനികുതി ഏർപ്പെടുത്തുകയും ഈടാക്കുകയും ചെയ്തു വരുന്നുണ്ട്. ശുചിത്വത്തിനായി 4 ശതമാനവും തെരുവു വിളക്കിനായി 2 ശതമാനവുമാണ് സേവന നികുതി ഈടാക്കുന്നത്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ് .

വണ്ടൂർ ഗ്രാമപഞ്ചായത്തിൽ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 8 കെട്ടിടങ്ങൾ (3/6, 12/704 മുതൽ 12/709 വരെ, 19/716) നിലവിലുണ്ട് എന്ന് മറുപടി ലഭ്യമാക്കി. ഈ കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ചുമത്തിയിട്ടില്ല.

തൊഴിൽ നികുതി

തൊഴിൽ നികുതിയിനത്തിൽ സാമ്പത്തിക വർഷത്തിൽ 44,62,840/- രൂപ വരവുണ്ട്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

ലൈസൻസ് ഫീസ്.

2022-23 സാമ്പത്തിക വർഷത്തിൽ 1233 സ്ഥാപനങ്ങളിൽ നിന്നായി 4,58,550/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ലൈസൻസ് എടുക്കേണ്ടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

സിനിമാ തിയേറ്ററുകളിൽ നിന്നുള്ള നികുതി വരവ് .

ഗ്രാമപഞ്ചായത്തിൽ ഹരിഹർനഗർ ഫിലിം സിറ്റി എന്ന പേരിൽ ഒരു തിയേറ്റർ പ്രവർത്തിക്കുന്നുണ്ട്. ഈ തിയേറ്ററിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ വിനോദ നികുതിയിനത്തിൽ 7,14,905/- രൂപ വരവ് ലഭിച്ചിട്ടുണ്ട്.

വാടക

വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിന് 37,32,817/- രൂപ വരവുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ 4 മുറികൾ ഒഴിഞ്ഞ് കിടക്കുകയാണ്. ഇവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മറ്റിനങ്ങൾ.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി ലഭിക്കാനുള്ള 5,06,779/- രൂപ പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.34/02.09.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-12 നിക്ഷേപ പ്രവൃത്തികൾ- അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത ചുവടെ ചേർത്തിട്ടുള്ള തുകകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | പ്രൊജക്ട് പേര് | Impl Code | ഏജൻസി | മുൻകൂർ നൽകിയ തുക/ ഫണ്ട് | ചെലവഴിച്ച തുക (₹) (വിനിയോഗ സാക്ഷ്യപത്രം / മൂല്യ | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന |
|---|---|---|---|---|---|---|---|

| | | | | | | നിർണ്ണയം പ്രകാരം) | തുക (₹) |
|---|---|---|---|---|---|---|---|
| 1 | 2013-14 | കൂരാട് ഹെൽത്ത് സെന്റർ കുടിവെള്ള പദ്ധതി വൈദ്യുതീകരണം (218/14) | സെക്രട്ടറി (ഗ്രാ.പ) | കെ എസ് ഇ ബി | 67,000 (തനത് ഫണ്ട്) | 48,525 | 18475 |
| 2 | 2014-15 | കല്ലറംകുണ്ട് കുടിവെള്ള പദ്ധതി - വൈദ്യുതി ലൈൻ നീട്ടി കണക്ഷൻ നൽകൽ(41/15) | സെക്രട്ടറി (ഗ്രാ.പ) | കെ എസ് ഇ ബി | 1,22,000 (തനത് ഫണ്ട്) | 0 | 1,22,000 |
| 3 | 2016-17 | കാരക്കാപറമ്പ് കുടിവെള്ളപദ്ധതിക്ക് വൈദ്യുതിലൈൻ വലിക്കൽ(57/17) | സെക്രട്ടറി (ഗ്രാ.പ) | കെ എസ് ഇ ബി | 20,000 (തനത് ഫണ്ട്) | 13300 | 6700 |
| 4 | 2018-19 | ബഡ്സ് റീഹാബിലിറ്റേഷൻ സെൻററിൽ കുടിവെള്ളം ലഭ്യമാക്കൽ - വാട്ടർ അതോറിറ്റിക്ക് വിഹിതം നൽകൽ (410/19) | സെക്രട്ടറി (ഗ്രാ.പ) | കെ ഡ്ബ്ളിയു എ | 1,30,000 (പ്ലാൻ ഫണ്ട്) | 0 | 1,30,000 |
| 5 | 2018-19 | കുറ്റിയിൽ അങ്കണവാടിക്ക് കുടിവെള്ളം ലഭ്യമാക്കൽ - വാട്ടർ അതോറിറ്റിക്ക് (411/19) | സെക്രട്ടറി (ഗ്രാ.പ) | കെ ഡ്ബ്ളിയു എ | 1,30,000 (മെയിന്റനൻസ് ഫണ്ട്(റോഡിതരം)) | 0 | 1,30,000 |
| 6 | 2021-22 | മാടശ്ശേരി- ത്രീഫേസ് ലൈൻ സ്ഥാപിക്കൽ (389/22) | സെക്രട്ടറി (ഗ്രാ.പ) | കെ എസ് ഇ ബി | 160000 (തനത് ഫണ്ട്) | 147224 | 12776 |

പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ചെലവഴിക്കാത്ത തുകയുടെ വിശദാംശങ്ങളും അടിയന്തിരമായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/01.09.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രവൃത്തികളിലായി 4,19,951 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ K S E B/ K W A ഏജൻസികളിൽ അവശേഷിക്കുന്നുണ്ട്. ആയത് പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾക്ക് വിനിയോഗിച്ചതിന്റെ വിവരം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗ്യം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തെ അസിസ്റ്റന്റ് എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി കരാറുകാർ ജോലി ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടു. എന്നാൽ

ഇത്തരത്തിൽ ജോലി ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം. 10/25.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ കരാറുകാർ 60 ദിവസത്തിലധികം ഗ്രാമപഞ്ചായത്ത് പരിധിയിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 വാഹന വാടകയിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) നിർവ്വഹണം നടത്തിയ പരിരക്ഷ പാലിയേറ്റീവ് പദ്ധതിയിൽ പഞ്ചായത്ത് പരിധിയിൽ ഹോംകെയറിന് പോകുന്നതിന് ക്വട്ടേഷനിലൂടെ 01.04.22 മുതൽ 31.03.23 വരെ വരെയുള്ള കാലയളവിലേക്ക് കരാറടിസ്ഥാനത്തിൽ വാഹനം വാടകക്കെടുത്തിട്ടുണ്ട്. ഇപ്രകാരം വാഹന വാടകയിനത്തിൽ ചെലവഴിച്ച തുകയിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 16/23 പരിരക്ഷ പാലിയേറ്റീവ് കെയർ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, (താലൂക്ക് ഹോസ്പിറ്റൽ) |
| അടങ്കൽ | 1500000/- |
| ആകെ ചെലവ് | 1201277/- |

ചെലവ് തുകയുടെ വിശദാംശങ്ങൾ.

1. ട്രാൻസ്പോർട് കോൺട്രാക്ടർ-ശ്രീ. അബ്ദുൽ കരീം കെ.

ദിവസ വാടക-1040 രൂപ

| ബിൽ നമ്പർ / തീയതി | തുക | മാസം |
|---|---|---|
| 4/22.6.2022 | 16640 | ഏപ്രിൽ -2022 |
| 6/16.8.2022 | 15600 | മെയ് 2022 |
| 8/30.8.2022 | 33280 | ജൂൺ, ജൂലൈ-2022 |
| 10/26.11.2022 | 16640 | ആഗസ്റ്റ്-2022 |
| 12/26.11.2022 | 16640 | സെപ്റ്റംബർ -2022 |
| 14/26.11.2022 | 16640 | ഒക്ടോബർ -2022 |
| 17/31.1.2023 | 16640 | നവംബർ -2022 |
| 19/16.3.2023 | 2080 | ഡിസംബർ-2022 |
| 22/31.03.23 | 5200 | മാർച്ച്-2023 |
| ആകെ | 139360/- | |

2. ട്രാൻസ്പോർട് കോൺട്രാക്ടർ-ശ്രീ. ഹംസ ടി.പി.

ദിവസ വാടക-1090 രൂപ

| ബിൽ നമ്പർ / തീയതി | തുക | മാസം |
|---|---|---|
| 5/22.6.2022 | 17440 | ഏപ്രിൽ -2022 |
| 7/16.8.2022 | 17440 | മെയ് 2022 |
| 9/30.8.2022 | 34880 | ജൂൺ, ജൂലൈ-2022 |
| 11/26.11.2022 | 17440 | ആഗസ്റ്റ്-2022 |
| 13/26.11.2022 | 17440 | സെപ്റ്റംബർ -2022 |
| 15/26.11.2022 | 16350 | ഒക്ടോബർ -2022 |
| 18/31.1.2023 | 17440 | നവംബർ -2022 |
| 20/16.3.2023 | 2180 | ഡിസംബർ-2022 |
| 23/31.03.23 | 5450 | മാർച്ച്-2023 |
| ആകെ | 146060/- | |

ആദായ നികുതി നിയമം സെക്ഷൻ 194 C പ്രകാരം ട്രാൻസ്പോർട് കോൺട്രാക്ടർമാർക്ക് നല്കുന്ന തുകയിൽ നിന്നും (പ്രതിവർഷം 100000രൂപയിൽ കൂടുമ്പോൾ) 1% ആദായ നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ട്രാൻസ്പോർട് കോൺട്രാക്ടർമാർക്ക് നൽകിയ ബില്ലുകളിൽ നിന്നും ഇൻകം ടാക്സ് ഈടാക്കി അടവാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 6/25.8.2023) മറുപടി

ലഭ്യമാക്കിയിട്ടില്ല. എൻക്വയറിക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-15 മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

1.

| | |
|---|---|
| പ്രൊജക്ട് | 67/2023, പരിരക്ഷാ (പാലിയേറ്റീവ് കെയർ) – S.O |
| ഫണ്ട്/അടങ്കൽ | പൊതുവിഭാഗം സാധാരണ വിഹിതം/ 512557/- |
| ചെലവ് | Rs. 510629/- |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | PRF7088/19.3.2022 |
| ബിൽ നമ്പർ/ തിയ്യതി/തുക | 1/27.5.2022/ 460000 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ ) |

മേൽ പ്രൊജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 460000/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2.

| | |
|---|---|
| പ്രൊജക്ട് | 16/2023, പരിരക്ഷാ (പാലിയേറ്റീവ് കെയർ) |
| ഫണ്ട്/അടങ്കൽ | പൊതുവിഭാഗം സാധാരണ വിഹിതം/1500000 |
| ചെലവ് | Rs. 1201277/- |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | PRF1651/14.10.2022 |
| ബിൽ നമ്പർ/ തിയ്യതി/തുക | 16/26.11.2022/ 500000 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) |

മേൽ പ്രൊജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 500000/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയതിൽ 210443/- രൂപയുടെ മരുന്നുകൾ ആണ് ലഭ്യമായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|
| ഇൻവോയ്സ് നമ്പർ/ തിയ്യതി | തുക |
| 4165/18.05.2023 | 23966 |
| 6635/30.5.2023 | 19252 |
| 8831/13.6.2023 | 83811 |
| 10996/29.6.2023 | 38513 |
| 8834/13.6.2023 | 34621 |
| 15130/4.8.2023 | 9514 |
| 16128/16.8.2023 | 766 |
| ആകെ | 210443/- |

അവശേഷിക്കുന്ന 289557/- രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3.

| | |
|---|---|
| പ്രൊജക്ട് | 312/2023, (അതിദാരിദ്ര്യം-മൈക്രോപ്ലാൻ-ചികിത്സാ ലഭ്യമാക്കൽ) |
| ഫണ്ട്/അടങ്കൽ | തനത് ഫണ്ട്/ 33750 |
| ചെലവ് | Rs. 33750/- |

| | |
|---|---|
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തിയ്യതി | PRF4299/8.2.2023 |
| വൌച്ചർ നമ്പർ/ തിയ്യതി/തുക | 22201368/28.3.2023/ 33750 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) |

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി 33750 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 7/25.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

## 1-16 വീട് വാസയോഗ്യമാക്കൽ - മൂല്യനിർണ്ണയ തുകയിൽ പരിമിതപ്പെടുത്താതെ ധനസഹായം അനുവദിച്ചു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | : 153/23 |
| പദ്ധതിയുടെ പേര് | : വീട് വാസയോഗ്യമാക്കൽ എസ്.ടി 2022-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വി.ഇ.ഒ |
| അടങ്കൽ തുക (₹) | : 36,00,000/- |
| ചെലവ് (₹) | : 21,00,000/- (വികസന ഫണ്ട് - എസ്.സി.പി) |
| ബിൽ നമ്പർ/തീയതി | : 22151452021901576229/31.03.2023 – 3,50,000/- രൂപ. |
| | : 22151452021501576262/31.03.2022 – 4,50,000/- രൂപ. |
| | : 22151452021901516831/28.03.2023 – 9,50,000/- രൂപ. |
| | : 22151452021901516959/28.03.2023 – 50,000/- രൂപ. |
| | : 22151452021901576320/31.03.2023 – 3,00,000/- രൂപ. |

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി.28.05.2022) പ്രകാരം വീട് വാസയോഗ്യമാക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പരമാവധി 1,50,000 രൂപ നൽകാവുന്നതാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം തുക അനുവദിച്ചപ്പോൾ ശ്രീ.രാജൻ.പി, പാലക്കോടൻ ഹൗസ്, അരിപ്പമാട്, കാപ്പിൽ.പി.ഒ, വണ്ടൂർ എന്ന ഗുണഭോക്താവിന് മൂല്യനിർണ്ണയ തുകയിൽ പരിമിതപ്പെടുത്താതെ ധനസഹായം അനുവദിച്ചത് മൂലം 9,500/- രൂപ വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നമ്പർ/തീയതി | അനുവദിച്ച തുക (₹) | മൂല്യ നിർണ്ണയ സാക്ഷ്യപത്ര പ്രകാരമുള്ള തുക (₹) | അധികം അനുവദിച്ച തുക. (₹) |
|---|---|---|---|
| 22151452021901576229/31.03.2023 | 50,000/- | 40,500/- | 9,500/- |

അധികം ചെലവഴിച്ച 9,500/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 02/24.08.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-17 ലൈഫ് ഭവനപദ്ധതി - അധിക തുക അനുവദിച്ചത് തിരികെ ഈടാക്കി.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 48/23 |
| പ്രൊജക്ടിന്റെ പേര് | ലൈഫ് ഭവനപദ്ധതി (എസ്.സി) |
| അടങ്കൽ തുക | 3,84,62,596/- രൂപ |
| ചെലവഴിച്ച തുക | 2,60,72,596/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

ലൈഫ് മിഷൻ ഭവനപദ്ധതി പ്രകാരം ജനറൽ, എസ്.സി വിഭാഗങ്ങൾക്ക് അനുവദിക്കാവുന്ന ധനസഹായം 4,00,000/- രൂപയാണ്. എന്നാൽ ശ്രീമതി.കാളി, W/0.കുഞ്ഞൻ, തോങ്ങോടൻ ഹൗസ്, കാരാട് എന്ന ഗുണഭോക്താവിന് 4,10,000/- രൂപ അനുവദിച്ചിരുന്നു. 07.03.2023 ന് അനുവദിച്ച 60,000/- രൂപ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാലാണ് ഈ അപാകത സംഭവിച്ചിരുന്നത്. അപാകത പരാമർശിച്ച് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ. 04/24.08.2023) നൽകിയതിനെ തുടർന്ന് രശീതി നമ്പർ 1230802213 തീയതി.24.08.2023 പ്രകാരം അധികമായി അനുവദിച്ച 10,000/- രൂപ തിരികെ അടവാക്കിയിട്ടുണ്ട്. രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ

ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-18 പാലിന് സബ്സിഡിയായി അധിക തുക അനുവദിച്ചു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 176/23 |
| പ്രൊജക്റ്റിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ തുക | 12,50,000/- രൂപ. |
| വിനിയോഗിച്ച തുക | 12,50,000/- രൂപ. |
| ബിൽ നമ്പർ / തിയ്യതി | 2215145202500120884/17.02.2023 – 6,00,000/- രൂപ. |
| | 2215145202500111789/30.01.2023 – 2,50,000/- രൂപ. |
| | 2215145202500111813/30.01.2023 – 4,00,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ. |

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് അവർ പാൽ നൽകുന്ന ക്ഷീരോൽപ്പാദക സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ലിറ്ററിന് മൂന്ന് രൂപ നിരക്കിലാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത സംഭവിച്ചിട്ടുണ്ട്.

1). കോട്ടക്കുന്ന് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിലെ 9 ക്ഷീര കർഷകർക്ക് സെപ്റ്റംബർ മാസത്തിലെ പാലിന്റെ സബ്സിഡി ബിൽ നമ്പർ. 2215145202500111813/30.01.2023 & 2215145202500120884/30.01.2023 എന്നിവ പ്രകാരം രണ്ട് തവണ നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ. | കർഷകന്റെ പേര് | ആധാർ നമ്പർ | പാലിന്റെ അളവ് | സബ്സിഡി തുക. (2.96/lit) |
|---|---|---|---|---|
| 1 | സക്കീന | 310029729422 | 197 | 583.00 |
| 2 | ഉനൈസ് | 610927451199 | 40 | 118.00 |
| 3 | ഉണ്ണീൻകുട്ടി | 509258669820 | 206 | 610.00 |
| 4 | ചന്ദ്രൻ | 231015390910 | 39 | 115.00 |
| 5 | ഉഷാകുമാരി | 605810216274 | 403 | 1193.00 |
| 6 | വേലായുധൻ.പി | 980943148460 | 135 | 400.00 |
| 7 | സൈനുദ്ധീൻ | 267774702223 | 504 | 1492.00 |
| 8 | അലവിക്കുട്ടി | 572210712096 | 102 | 306.00 |
| 9 | ഫാത്തിമ സുഹ്റ | 351122290148 | 451 | 1335.00 |
| ആകെ | | | 2077 | 6152.00 |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 03/24.08.2023) അബദ്ധത്തിൽ സംഭവിച്ച അപാകതയാണെന്നും ഫണ്ടിന്റെ അപര്യാപ്ത കാരണം ക്ഷീര കർഷകർക്ക് ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ സബ്സിഡി അനുവദിക്കാൻ സാധിക്കാത്തതിനാൽ അർഹമായതിനേക്കാൾ കൂടുതൽ സബ്സിഡി തുക ഈ കർഷകർക്ക് അനുവദിച്ചിട്ടില്ലായെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ഈ മാസങ്ങളിലെ പാലളവ് സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ലൈസൻസ് ഫീസ് കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 8,500 രൂപ നഷ്ടം.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വണ്ടൂർ ഗ്രാമപഞ്ചായത്ത് സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് താഴെ പറയുന്ന പ്രകാരമാണ്.

| സേവന മേഖല | ഫീസ് |
|---|---|
| 3 ലക്ഷം രൂപ വരെ മൂലധന നിക്ഷേപം | 200 രൂപ |
| 3 ലക്ഷം രൂപ മുതൽ 6 ലക്ഷം വരെ മൂലധന നിക്ഷേപം | 300 രൂപ |
| 6 ലക്ഷം രൂപ മുതൽ 10 ലക്ഷം വരെ മൂലധന നിക്ഷേപം | 500 രൂപ |
| 10 ലക്ഷം രൂപ മുതൽ 25 ലക്ഷം വരെ മൂലധന നിക്ഷേപം | 750 രൂപ |
| 25 ലക്ഷം രൂപ മുതൽ 50 ലക്ഷം വരെ മൂലധന നിക്ഷേപം | 1000 രൂപ |

| | |
|---|---|
| 50 ലക്ഷം രൂപ മുതൽ 60 ലക്ഷം വരെ മൂലധന നിക്ഷേപം | 2,000 രൂപ |
| 60 ലക്ഷം രൂപ മുതൽ 75 ലക്ഷം വരെ മൂലധന നിക്ഷേപം | 3,000 രൂപ |
| 75 ലക്ഷം രൂപ മുതൽ 1 കോടി വരെ മൂലധന നിക്ഷേപം | 5,000 രൂപ |
| 1 കോടി രൂപ മുതൽ 5 കോടി വരെ മൂലധന നിക്ഷേപം | 10,000 രൂപ. |
| 5 കോടിക്ക് മുകളിൽ മൂലധന നിക്ഷേപം | 15,000 രൂപ. |

എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ ഫീസ് ഈടാക്കിയതിൽ താഴെ പറയുന്ന പ്രകാരം 8,500/- രൂപ കുറവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | ലൈസൻസ് നമ്പർ | ഫീസ് അടവാക്കിയ രശീതി നമ്പർ / തിയ്യതി | മൂലധന നിക്ഷേപം (അപേക്ഷകന്റെ സത്യവാങ്മൂലം പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | മനോജ്കുമാർ, S/o.വേലായുധൻ, തുമ്പത്തൊടിക ഹൗസ്, കൂരാട്.പി.ഒ (ഓട്ടോമൊബൈൽ സ്പെയർ പാർട്സ്) | 61/01.04.2022 | 1210200681 / 22.02.2022 | 5 ലക്ഷം | 300 | 200 | 100 |
| 2 | നൗഷാദ്, S/o.ഹംസ, കളത്തൂർ ഹൗസ്, മണ്ണാർക്കാട്.പി.ഒ (ടെക്സ്റ്റയിൽസ്) | 10/01.04.2022 | 1210200581 / 22.02.2022 | 8 ലക്ഷം | 500 | 300 | 200 |
| 3 | ത്വാഹാമോൻ.എം, S/o.മുഹമ്മദ്, മാട്ടുമ്മൽ ഹൗസ്, മമ്പാട്.പി.ഒ (ടൈൽസ് സ്റ്റോക്ക്) | 72/01.04.2022 | 1210200698 / 22.02.2022 | 10 ലക്ഷം | 750 | 300 | 450 |
| 4 | മിർഷിദ് ഇർഫാൻ, തമ്പാർ ഹൗസ്, മമ്പാട്.പി.ഒ (ഫർണിച്ചർ വിൽപ്പന) | 79/01.04.2022 | 1210200709 / 22.02.2022 | 20 ലക്ഷം | 750 | 300 | 450 |
| 5 | അബ്ദുൾ സലാം.ഇ.സി, ഏലച്ചോല ഹൗസ്, കാവുങ്ങൽ, മലപ്പുറം (സാനിറ്ററിവെയർ) | 85/01.04.2022 | 1210200709 / 22.02.2022 | 10 ലക്ഷം | 750 | 500 | 250 |
| 6 | ആസ്യ പയ്യുണ്ണി, W/o.അബ്ദുൾ ലത്തീഫ്, ഏലാട്ടുപറമ്പിൽ ഹൗസ്, വണ്ടൂർ (ടെക്സ്റ്റൈൽസ്) | 100/01.04.2022 | 1210200737 / 22.02.2022 | 10 ലക്ഷം | 750 | 300 | 450 |
| 7 | ടി.യൂസുഫ്, S/o.ഉമ്മർ മൗലവി, തെന്നാടൻ ഹൗസ്, പോരൂർ (ടെക്സ്റ്റൈൽസ്) | 101/01.04.2022 | 1210200739 / 22.02.2022 | 10 ലക്ഷം | 750 | 300 | 450 |
| 8 | അശോകൻ.വി.കെ, വേഴക്കോടൻ ഹൗസ്, കാപ്പിൽ.പി.ഒ (ബേക്കറി & റസ്റ്റോറന്റ്) | 129/01.04.2022 | 1210200830 / 23.02.2022 | 50 ലക്ഷം | 2000 | 1000 | 1000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | ഷംസുദ്ധീൻ.കെ, കല്ലുവെട്ടുകുഴിയിൽ ഹൗസ്, പൂക്കളം, വണ്ടൂർ (സിമന്റ് വ്യാപാരം) | 136/01.04.2022 | 1210200843 / 22.02.2022 | 5 ലക്ഷം | 300 | 200 | 100 |
| 10 | അഷറഫ്, തച്ചപറമ്പൻ ഹൗസ്, കുറ്റിയിൽ, വാണിയമ്പലം. (അപ്പോളിസ്റ്ററി സാധനങ്ങൾ വിൽപ്പന) | 145/01.04.2022 | 1210200862 / 23.02.2022 | 25 ലക്ഷം | 1000 | 300 | 700 |
| 11 | ബാലകൃഷ്ണൻ പാച്ചൻ, കിഴക്കവീട്ടിൽ "കാർത്തിക", നായാട്ടുകല്ല്, കാരാട് (ടെക്സ്റ്റൈൽസ്) | 146/01.04.2022 | 1210200866 / 23.02.2022 | 5 ലക്ഷം | 300 | 200 | 100 |
| 12 | മുജീബ് റഹ്മാൻ, പുളവളപ്പിൽ ഹൗസ്, തെക്കുംപുറം, കൂരാട് (കാർ ആക്സസറീസ് വിൽപ്പന) | 162/01.04.2022 | 1210200897 / 23.02.2022 | 4 ലക്ഷം | 300 | 200 | 100 |
| 13 | റജിമോൻ.പി.ടി, പുത്തൻ വീട്ടിൽ ഹൗസ്, കുറ്റമ്പാറ (റബ്ബർ വ്യാപാരം) | 168/01.04.2022 | 1210200909 / 23.02.2022 | 20 ലക്ഷം | 750 | 300 | 450 |
| 14 | ഷൗക്കത്തലി, മാവുങ്ങൽ ഹൗസ്, കറുത്തേനി, അഞ്ചച്ചവിടി, കാളികാവ് (ഹാർഡ്‌വെയർ) | 187/01.04.2022 | 1210200843 / 23.02.2022 | 10 ലക്ഷം | 750 | 500 | 250 |
| 15 | ഷഹീർ.കെ.ടി, കാടംതൊടി ഹൗസ്, ശാന്തി നഗർ, വാണിയമ്പലം.പി.ഒ (ബേക്കറി & കൂൾബാർ) | 189/01.04.2022 | 1210200952 / 23.02.2022 | 10 ലക്ഷം | 750 | 500 | 250 |
| 16 | ബാലകൃഷ്ണൻ.ടി.കെ, ചൈത്രം, പുന്നപ്പാല.പി.ഒ (ടെക്സ്റ്റൈൽസ്) | 191/01.04.2022 | 1210200955 / 23.02.2022 | 15 ലക്ഷം | 750 | 500 | 250 |
| 17 | ജമാലുദ്ദീൻ, ചക്കിച്ചാംപറമ്പിൽ ഹൗസ്, കണ്ണമംഗലം, തിരുരങ്ങാടി (സ്വർണ്ണാഭരണ വിൽപ്പന) | 214/01.04.2022 | 1210201002/ 23.02.2022 | 10 ലക്ഷം | 750 | 500 | 250 |
| 18 | ഹാരിസ് ബാബു, കണ്ണിയൻ ഹൗസ്, പഴേടം, കാരക്കുന്ന്. (ഫുട്‌വെയർ) | 236/01.04.2022 | 12102010050/ 23.02.2022 | 4 ലക്ഷം | 300 | 200 | 100 |
| 19 | ഗിരിപ്രസാദ്.കെ, കൊറളിയോടൻ ഹൗസ്, വണ്ടൂർ (പലചരക്ക് കട) | 250/01.04.2022 | 1210201054/ 23.02.2022 | 4 ലക്ഷം | 300 | 200 | 100 |
| 20 | വേണുഗോപാലൻ.കെ, | 238/01.04.2022 | 1210201058/ | 3 ലക്ഷം | 300 | 200 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കുരിയോടൻ ഹൗസ്, വണ്ടൂർ (റസ്റ്റോറന്റ്) | | 23.02.2022 | | | | |
| 21 | ഹാരിഷ്.കെ, കടക്കുന്നൻ ഹൗസ്, വണ്ടൂർ (ഫാൻസി & ഗിഫ്റ്റ്) | 250/01.04.2022 | 1210201081/ 24.02.2022 | 10 ലക്ഷം | 750 | 300 | 450 |
| 22 | മുജീബ് റഹ്മാൻ.എം, മാഞ്ചേരി ഹൗസ്, പൂങ്ങോട്.പി.ഒ (ലൈറ്റ് & സൗണ്ട് വാടക) | 277/01.04.2022 | 1210201138/ 24.02.2022 | 5 ലക്ഷം | 300 | 200 | 100 |
| 23 | അബ്ബാസ്, തുള്ളിശ്ശേരി ഹൗസ്, വണ്ടൂർ (ഹാർഡ്‌വെയർ) | 293/01.04.2022 | 1210201169/ 24.02.2022 | 15 ലക്ഷം | 750 | 500 | 250 |
| 24 | സുനിൽകുമാർ.എൻ.എസ്, നീലായിൽ ഹൗസ്, നടുവത്ത്. (ഇലക്ട്രിക്കൽ പവർ ടൂൾസ് വിൽപ്പന) | 312/01.04.2022 | 1210202207/ 24.02.2022 | 8 ലക്ഷം | 500 | 300 | 200 |
| 25 | അബ്ദുൾ നാസർ, പാറഞ്ചീരി ഹൗസ്, കുറ്റിയിൽ, വാണിയമ്പലം (മെഡിക്കൽ, സർജിക്കൽ വിൽപ്പന) | 525/01.04.2022 | 1210105520/ 12.03.2022 | 25 ലക്ഷം | 1000 | 500 | 500 |
| 26 | മുഹമ്മദ് നാസർ, പൂലാട്ട് ഹൗസ്, വണ്ടൂർ (വീട്ടുപകരണങ്ങൾ കയറ്റുമതി & ഇറക്കുമതി) | 573/01.04.2022 | 1210106555/ 23.03.2022 | 10 ലക്ഷം | 750 | 300 | 450 |
| 27 | ബാബു വർഗ്ഗീസ്, തൊടിയിൽ പുത്തൻവീട്, പുന്നപ്പാല (ടോയ്സ് & കോസ്മെറ്റിക്സ് - കയറ്റുമതി & ഇറക്കുമതി) | 573/01.04.2022 | 1210106557/ 23.03.2022 | 10 ലക്ഷം | 750 | 300 | 450 |
| ആകെ | | | | | 17900 | 9400 | 8500 |

നഷ്ടത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 30/02-09-2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-20 ചിങ്ങമ്പറ്റ വൈദ്യുതി ലൈൻ ത്രീഫേസാക്കൽ -ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തി

പ്രോജക്റ്റ് നം. 267/23

വിനിയോഗിച്ച തുക – 99,251 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. 22201203/22.02.23

നിർവ്വഹണം - സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം ചിങ്ങമ്പറ്റ വൈദ്യുതി ലൈൻ ത്രീഫേസ് ആക്കുന്നതിന് 99,251 രൂപ അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ വാണിയമ്പലത്തിന് നൽകുകയും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.84/2022/തസ്വഭവ തി.19.04.2022) ഖണ്ഡിക 8.5(3) പ്രകാരം വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് അനുമതിയുണ്ടെങ്കിലും ത്രീഫേസ് ആക്കുന്നതിന് അനുമതിയില്ലാത്തതാണ്. പ്രവൃത്തി നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമല്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 15/26.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തി

നടപ്പിലാക്കിയ നടപടിക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-21 പഴയ പഞ്ചായത്ത് ഓഫീസ് സ്ഥലത്ത് ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണം - കരാറുകാരനെ തെരഞ്ഞടുത്തതിന്റെ വിവരം ലഭ്യമല്ല.

പ്രോജക്റ്റ് നം.261/23

പഴയ പഞ്ചായത്ത് ഓഫീസ് സ്ഥലത്ത് ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണം

അടങ്കൽ തുക - 1,00,00,000രൂപ

തനത് ഫണ്ട്- 5,00,000 രൂപ

കെ യു ആർ ഡി എഫ് സി ലോൺ - 95,00,000 രൂപ

വിനിയോഗിച്ച തുക – 5,00,000 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. 22201408/30.03.23 – 5,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പൊളിച്ച് പുതിയ ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത് .സർക്കാർ ഉത്തരവ് പ്രകാരം (GO(P)77/2019 /Fin Dt04.07.2019,GO(P)67/2021/FIN/28.4.21 )അംഗീകരിക്കപ്പെട്ട വിവിധ അക്രഡിറ്റഡ് ഏജൻസകളിൽ നിന്ന് ബിഡ്ഡിംഗ് നടത്തി( സെന്റേജ് ചാർജ്ജ് നിരക്ക് അടിസ്ഥാനത്തിൽ ) കുറഞ്ഞ തുക (6.8% സെന്റേജ് ചാർജ്ജ്) രേഖപ്പെടുത്തിയ സിൽക് (സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് ,പാലക്കാട് എന്ന സ്ഥാപനം മുഖേനയാണ് പ്രവൃത്തി നടത്തുന്നത്.പ്രവൃത്തിയുടെ പ്ലാൻ, ഡിസൈൻ , എസ്റ്റിമേറ്റ്, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കൽ തുടങ്ങിയവ ചെയ്യുന്നത് സ്ഥാപനമാണ്.

GO(P) 67/2021/Fin Dt 28.04.2021 പ്രകാരം, പ്രവൃത്തി നടത്തിപ്പ് സുതാര്യമായ ടെണ്ടർ നടപടികളിലൂടെ മറ്റ് കരാറുകാരെ ഏൽപിച്ച് നൽകുകയാണ് ചെയ്യേണ്ടത്. പ്രവൃത്തിയുടെ ബില്ല് പ്രകാരമുള്ള പണം തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്കാണ് നൽകേണ്ടത്. അക്രഡിറ്റഡ് ഏജൻസിക്ക് സെന്റേജ് ചാർജ്ജ് മാത്രമാണ് അർഹതയുള്ളത്. ആയത് പ്രകാരം നൂറുൾഹസ്സൻ കറളിക്കാട്ടിൽ പുല്ലൂർ ,വണ്ടൂർ പി ഒ എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തുന്നത് . കരാർ തീയ്യതി മുതൽ (17.12.2022) ഒരു വർഷത്തിനകമാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടത്. 12,00,320 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ പാർട്ട് ബിൽ പ്രകാരം തൻവർഷം മേൽ വൗച്ചർ നമ്പർ പ്രകാരം 5,00,000 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

എന്നാൽ സിൽക് (പ്രവൃത്തി നടത്തുവാൻ ചുമതലപ്പെട്ട അക്രഡിറ്റഡ് ഏജൻസി) കരാറുകാരനെ തെരഞ്ഞെടുക്കുന്നതിനായി ഇ- ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദവിവരം , ടെണ്ടർ നോട്ടീസ് , ലഭിച്ച ടെണ്ടറുകളുടെ വിവരം, നൂറുൾഹസ്സൻ കറളിക്കാട്ടിൽ എന്ന കരാറുകാരനെ തെരഞ്ഞടുത്തതിന്റെ വിവരം, കരാറുകാരനുമായി കരാർ ചമച്ചതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.20/22-23/01.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകളുടെ അഭാവത്തിൽ പ്രസ്തുത കരാറുകാരൻ പ്രവൃത്തി നടത്തുന്നത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-22 കേരളോൽസവം - രേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. 100/23

കേരളോൽസവം

വിനിയോഗിച്ച തുക – 1,50,000 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. 22200883/29.11.22 – 75,000 രൂപ

നിർവ്വഹണം - സെക്രട്ടറി

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 1,50,000 രൂപ കേരളോൽസവത്തിനായി വിനിയോഗിച്ചിട്ടുണ്ട്. ആയതിൽ അവശേഷിച്ച 75,000 രൂപ വിനിയോഗിച്ചതിന്റെ വൗച്ചർ നം./ തീയ്യതി, തുക ചെലവഴിച്ചതിന്റെ രേഖകൾ, (മേൽ 75,000 രൂപ വിനിയോഗിച്ചത് ഉൾപ്പെടെ)പരിശോധനക്ക് ലഭ്യമാക്കിയില്ല. വാർഷികകണക്ക് പരിശോധിച്ചതിൽ 45,000 രൂപ മാത്രമാണ് ഈ ഇനത്തിൽ ചെലവായി കാണിച്ചിട്ടുള്ളത്. അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതും ചെലവുരേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 32/22-23/02.09.23 ) മറുപടിലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 75000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 വണ്ടർഫുൾ വണ്ടൂർ പദ്ധതി – അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ വണ്ടർഫുൾ വണ്ടൂർ -സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജന പരിപാടി സംബന്ധിച്ച വിശദവിവരം

ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് നം.3/23

വണ്ടർഫുൾ വണ്ടൂർ -സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജന പരിപാടി

വിനിയോഗിച്ച തുക – 18,46,715 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

വൗച്ചർ നം. 22200413/ 16.07.22 – 4,070

വൗച്ചർ നം. 22200416/ 16.07.22 – 33,200

വൗച്ചർ നം. 22200491/ 04.08.22 – 20,750

വൗച്ചർ നം. 22200680/ 28.09.22 – 4,01,922

വൗച്ചർ നം. 22200878/ 22.11.22 – 6,600

വൗച്ചർ നം. 22200679/ 26.09.22 – 40,400

വൗച്ചർ നം. 22200681/ 28.09.22 – 3,30,097

വൗച്ചർ നം. 22200793/ 29.10.22 – 25,450

വൗച്ചർ നം. 22200865/ 16.11.22 – 3,00,560

വൗച്ചർ നം. 22201323/ 17.03.23 – 55,750

വൗച്ചർ നം. 22201438/ 31.03.23 – 2,15,815

വൗച്ചർ നം. 22201440/ 31.03.23 – 29,600

വൗച്ചർ നം. 22201439/ 31.03.23 – 45,550

വൗച്ചർ നം. XVFC/22-23/P/43/08.06.22 – 2,95,889

വൗച്ചർ നം. XVFC/22-23/ P/61/24.08.22 – 31,050

വൗച്ചർ നം. XVFC/22-23/ P/61/22.11.22– 1,650

വൗച്ചർ നം. XVFC/22-23/ P/99/28.02.223– 8,362

2)പ്രോജക്റ്റ് നം.52/23

വണ്ടർഫുൾ വണ്ടൂർ -സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജന പരിപാടി

വിനിയോഗിച്ച തുക – 50,313 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

XVFC/22-23/ P/37/23.05.22 - 36,250

XVFC/22-23/ P/42/07.06.22 - 14,063

3)പ്രോജക്റ്റ് നം.289/23

വണ്ടർഫുൾ വണ്ടൂർ -സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജന പരിപാടി - 2

വിനിയോഗിച്ച തുക – 2,63,038 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

വൗച്ചർ നം. 22201327/ 17.03.23 – 29,600

വൗച്ചർ നം. 22201328/ 17.03.23 – 2,33,438

4)പ്രോജക്റ്റ് നം.291/23

വണ്ടർഫുൾ വണ്ടൂർ -സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജന പരിപാടി - 3

വിനിയോഗിച്ച തുക – 9,24,000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ബിൽ നം. 25/22-23/ 26.11.22 – 60,200

ബിൽ നം. 24/22-23/ 26.11.22 – 4,13,355

ബിൽ നം. 29/22-23/ 14.12.22 – 29,600

ബിൽ നം. 31/22-23/ 10.01.23 – 18,600

ബിൽ നം. 28/22-23/ 13.12.22 – 52,400

ബിൽ നം. 32/22-23/ 10.01.23 – 29,600

ബിൽ നം. 34/22-23/ 20.12.22 – 2,45,820

ബിൽ നം. 36/22-23/ 14.02.23 – 31,200

ബിൽ നം. 37/22-23/ 14.02.23 – 29,600

ബിൽ നം. 39/22-23/ 09.03.23 – 13,625

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകകൾ ചുവടെ ചേർക്കുന്നു.

1)വാഹന വാടക ഇനത്തിൽ നൂറുൾഹസ്സൻ കറളിക്കാട്ടിൽ വണ്ടൂർ പി ഒ, (KL 10BA 4074 Mahindra Maximum Supro )എന്ന വ്യക്തിക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. /തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200491/ 04.08.22 | 20,750 | 6/22 വാഹന വാടക (പ്രോജക്റ്റ് നം.3/23) |
| 2 | 22200416/ 16.07.22 | 33,200 | 5/22 വാഹന വാടക (പ്രോജക്റ്റ് നം.3/23) |
| 3 | XVFC/22-23/ P/61/24.08.22 | 31,050 | 7/22 വാഹന വാടക (പ്രോജക്റ്റ് നം.3/23) |
| 4 | 22200679/ 26.09.22 | 40,400 | 8/22 വാഹന വാടക (പ്രോജക്റ്റ് നം.3/23) |
| 5 | 22200793/ 29.10.22 | 25,450 | 9/22 വാഹന വാടക (പ്രോജക്റ്റ് നം.3/23) |
| 6 | 22201323/17.03.23 | 55,750 | 2/23 വാഹന വാടക (പ്രോജക്റ്റ് നം.3/23) |
| 7 | 22201439/ 31.03.23 | 45,550 | 3/23 വാഹന വാടക (പ്രോജക്റ്റ് നം.3/23) |
| 8 | 22201440/ 31.03.23 | 29,600 | വാഹന വാടക (ഏത് മാസത്തെത് എന്ന് വ്യക്തമല്ല.) (പ്രോജക്റ്റ് നം.3/23) |
| 9 | XVFC/22-23/ P/37/23.05.22 | 36,250 | 4/22 വാഹന വാടക (പ്രോജക്റ്റ് നം.52/23) |
| 10 | 22201327/ 17.03.23 | 29,600 | വാഹന വാടക (ഏത് മാസത്തെത് എന്ന് വ്യക്തമല്ല.) (പ്രോജക്റ്റ് നം.289/23) |
| 11 | ബിൽ നം. 25/22-23/ 26.11.22 | 60,200 | 10/22 വാഹന വാടക (പ്രോജക്റ്റ് നം.291/23) |
| 12 | ബിൽ നം. 31/22-23/ 10.01.23 | 18,600 | 12/22 വാഹന വാടക (പ്രോജക്റ്റ് നം.291/23) |
| 13 | ബിൽ നം. 28/22-23/ 13.12.22 | 52,400 | 11/22 വാഹന വാടക (പ്രോജക്റ്റ് നം.291/23) |
| 14 | ബിൽ നം. 36/22-23/ 14.02.23 | 31,200 | 1/23 വാഹന വാടക (പ്രോജക്റ്റ് നം.291/23) |
| | ആകെ | 5,10,000 | |

വാഹനം എപ്രകാരം തെരഞ്ഞെടുത്തുവെന്ന് വ്യക്തമല്ല. ജി ഒ (പി )നം. 259/2010/ ത.സ്വ .ഭ വ തീ. 08.11.2010 പ്രകാരം ടെണ്ടർ വിളിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പ്രകാരം തുകകൾ നൽകിയിട്ടുണ്ടെങ്കിലും കിലോമീറ്ററിന് എത്ര രൂപ നിരക്കിലാണ് തുക നൽകിയിട്ടുള്ളത് എന്ന് വ്യക്തമല്ല.തൻമൂലം മേൽ പ്രകാരം തുകകൾ നൽകിയതിന്റെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. കൂടാതെ, വൗച്ചർ നം. 22201440/ 31.03.23 പ്രകാരം 29,600 (പ്രോജക്റ്റ് നം.3/23),വൗച്ചർ നം. 22201327/ 17.03.23 പ്രകാരം 29,600 (പ്രോജക്റ്റ് നം.289/23) എന്നിങ്ങനെ തുക നൽകിയതിന് അടിസ്ഥാനമായ യാത്ര ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല.4/22മുതൽ 3/23 വരെയുള്ള മുഴുവൻ മാസത്തെയും വാഹന വാടക ടിയാന് നൽകിയിട്ടുള്ളതുമാണ്. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും അധിക തുക തിരികെ ഈടാക്കേണ്ടതുമാണ്.

2) എക്കോ ഗ്രീൻ ,മലപ്പുറം എന്ന സ്ഥാപനത്തിന് കിലോഗ്രാമിന് 8.5 രൂപ നിരക്കിൽ വേസ്റ്റ് മാലിന്യങ്ങൾ കടത്തികൊണ്ടു പോയതിന് വൗച്ചർ നം. 22201328/ 17.03.23 പ്രകാരം 2,33,438 രൂപ(പ്രോജക്റ്റ് നം. 289/23) നൽകിയിട്ടുണ്ടെങ്കിലും, വേസ്റ്റ് മാലിന്യങ്ങൾ കടത്തികൊണ്ടു പോയതിന്റെ രേഖകൾ ഫയലിൽ ഇല്ല. കൂടാതെ, 14,063 രൂപ(വൗച്ചർ നം.XVFC/22-23/ P/42/07.06.22 ) (പ്രോജക്റ്റ് നം.52/23) നൽകിയ ആവശ്യം വ്യക്തമല്ല.

3) എം സി എഫ് വാടക ഇനത്തിൽ നൂറുൾഹസ്സൻ കറളിക്കാട്ടിൽ വണ്ടൂർ പി ഒ, എന്ന വ്യക്തിക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം. /തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 29/22-23/ 14.12.22 | 29,600 | എം സി എഫ് വാടക 11/22 |
| 2 | 32/22-23/ 10.01.23 | 29,600 | എം സി എഫ് വാടക 12/22 |
| 3 | 37/22-23/ 14.02.23 | 29,600 | എം സി എഫ് വാടക 1/23 |

ഗ്രാമപഞ്ചായത്തിന്റെ നം. Sc3.100/22 തീ. 20.06.22 തീയ്യതിയിലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ലഭ്യമായ ക്വട്ടേഷനുകളുടെ വിവരം ഒന്നും തന്നെ ഫയലിൽ ഇല്ല.( നൂറുൾഹസ്സൻ കറളിക്കാട്ടിൽ വണ്ടൂർ പി ഒ, എന്ന വ്യക്തിയുടെത് ഒഴികെ )

ജി ഒ(പി )നം. 03/2019/ എസ് പി ഡി തീ. 13.03.2017 പ്രകാരം ക്വട്ടേഷൻ മുഖേനയുള്ള വാങ്ങലുകളുടെ നോട്ടീസുകൾ ഓഫീസിന്റെ നോട്ടീസ് ബോർഡിലും, അടുത്തുള്ള പൊതുസ്ഥലങ്ങളിലും ,സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തണമെന്ന് നിഷ്കർശിച്ചിട്ടുള്ളതാണ്.എന്നാൽ അപ്രകാരം ചെയ്യാതെയാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമാണ്. ക്വട്ടേഷൻ ക്ഷണിച്ചത് സംബന്ധിച്ച ഒരു രേഖയും ഫയലിൽ ഇല്ല (നൂറുൾഹസ്സൻ കറളിക്കാട്ടിൽ വണ്ടൂർ പി ഒ, എന്ന വ്യക്തിയുടെ അപേക്ഷയും മേൽ ക്വട്ടേഷൻ നോട്ടീസും ഒഴികെ ).

1.11.22 ന് ടിയാനുമായി ഒപ്പുവെച്ച ഉടമ്പടി പ്രകാരം പ്രതിമാസം 29,000 രൂപ അസി.എഞ്ചിനീയർ വാടക നിർണ്ണയിച്ച് നൽകിയതിൽ പ്രകാരം നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 29,600 രൂപയാണ് പ്രതിമാസം നൽകി കാണുന്നത്.

4) ഒരേ ബില്ലിൽ രണ്ടു തവണ പേമെന്റ് അനുവദിച്ചു.

| ക്രമ നം. | വൗച്ചർ നം. /തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200724/ 11.10.22 | 3,30,097 | പ്രോജക്റ്റ് നം.3/23,എക്കോ ഗ്രീൻ കമ്പനിക്ക് 7/22 ലെ 26 തീയ്യതിയിലും,8/22 ലെ 7,15,23 തീയ്യതികളിലും, 9/22 ലെ 14,15 തീയ്യതികളിലും മാലിന്യം കൊണ്ടുപോയ ഇനത്തിൽ അനുവദിച്ച തുക , (ഐ ടി 6600 രൂപ കുറച്ചാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത് ) |
| 2 | 22200681/ 28.09.22 | 3,30,097 | പ്രോജക്റ്റ് നം.3/23 എക്കോ ഗ്രീൻ കമ്പനിക്ക് 7/22 ലെ 26 തീയ്യതിയിലും,8/22 ലെ 7,15,23 തീയ്യതികളിലും, 9/22 ലെ 14,15 തീയ്യതികളിലും മാലിന്യം കൊണ്ടുപോയ ഇനത്തിൽ അനുവദിച്ച തുക (ഐ ടി 6600 രൂപ കുറച്ചാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത് ) |

ഒരേ ബില്ലിൽ രണ്ടു തവണ പേമെന്റ് അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതും അധിക തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

അപാകതകൾക്ക് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/22-23/01.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും അധികതുക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്. ആയതു വരെ ചെലവുതുക 30,84,066(18,46,715 + 50,313 + 2,63,038 + 9,24,000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി - അപാകതകൾ

പ്രൊജക്ട് നമ്പർ – 323/23

വിനിയോഗിച്ച തുക – 23,22,824 രൂപ

എസ് സി പി ഫണ്ട് - 15,35,509 രൂപ

ജില്ലാപഞ്ചായത്ത് ഷെയർ - 5,00,000 രൂപ

പ്ലാൻ ഫണ്ട് (ജനറൽ) - 2,87,315 രൂപ

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നം. 10/2022-23/ 16.03.23 – 12,65,000 രൂപ

ബിൽ നം. 11/2022-23/ 16.03.23 – 5,00,000 രൂപ

ബിൽ നം. 13/2022-23/ 28.03.23 – 80,000 രൂപ

ബിൽ നം. 18/2022-23/ 31.03.23 – 55,370 രൂപ

ബിൽ നം. 16/2022-23/ 28.03.23 – 1,35,139 രൂപ

ബിൽ നം. 15/2022-23/ 28.03.23 – 2,87,315രൂപ

സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/തസ്വഭവ തീ.28.05.22 പ്രകാരം സംസ്ഥാന സർക്കാർകേന്ദ്ര സർക്കാർ ,സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതുമായ എല്ലാതരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം

നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് അനുവദിക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സ്ഥാപനമേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നത്. എന്നാൽ ഭൂരിഭാഗം അപേക്ഷകളിലും സാക്ഷ്യപത്രം എന്ന കോളത്തിൽ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ആയതിൽ പഠിക്കുന്ന വർഷം, രേഖപ്പെടുത്തിയിട്ടില്ല. കോഴ്സ് സംബന്ധിച്ച് മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയ (പഠിതാവിന്റെ പേര്, അഡ്മിഷൻ നമ്പർ, പഠിക്കുന്ന വർഷം, കോഴ്സിന്റെ പേര്, സ്ഥാപനത്തിന്റെ വിവരം തുടങ്ങിയവ) സ്ഥാപനമേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2)മറ്റു വിവിധ അപേക്ഷകളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | അപേക്ഷകന്റെ പേരും വിലാസവും | റിമാർക്സ് |
|---|---|---|
| 1 | ആദിത്യ അരിപ്പമാട് വീട് ,കാപ്പിൽ പി ഒ<br>25,000 രൂപ നൽകി | മെട്രോ യുണൈറ്റഡ് നെഴ്സിംഗ് കോളേജ് എന്ന സ്ഥാപനത്തിൽ ബി എസ് സി നഴ്സിംഗ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.<br>– സ്ഥാപനത്തിന്റെയും സ്ഥാപനമേധാവിയുടെയും ശരിയായ മേൽ വിലാസമില്ല. പഠിക്കുന്ന വർഷം വ്യക്തമല്ല. ശരിയായ രേഖകൾ ലഭ്യമാക്കേണ്ടതാണ്. |
| 2 | അർഷ കെ കയനികുന്നത്ത് വീട്, തുള്ളിശ്ശേരി, വണ്ടൂർ പി ഒ<br>20,000രൂപ നൽകി | ക്ലാസിക് കോളേജ് നിലമ്പൂർ എന്ന സ്ഥാപനത്തിൽ ബി എ ബിരുദം<br>-സംസ്ഥാന കേന്ദ്ര ,സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന കോഴ്സിന് പഠനം നടത്തുന്നത് സംബന്ധിച്ച രേഖ ഹാജരാക്കിയില്ല. |
| 3 | ശോഭിത കെ കുട്ടിരി വീട്, കുറ്റുമുണ്ട,വാണിയമ്പലം പി ഒ<br>20,000രൂപ നൽകി | ക്ലാസിക് കോളേജ് നിലമ്പൂർ എന്ന സ്ഥാപനത്തിൽ ബി എ ബിരുദം<br>-സംസ്ഥാന കേന്ദ്ര ,സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന കോഴ്സിന് പഠനം നടത്തുന്നത് സംബന്ധിച്ച രേഖ ഹാജരാക്കിയില്ല. |
| 4 | ജിഷ്ണുരാജ് കുഴിവള്ളി വീട്, കാരാട് വടക്കുംപാടം പി ഒ<br>20,000രൂപ നൽകി | ക്ലാസിക് കോളേജ് നിലമ്പൂർ എന്ന സ്ഥാപനത്തിൽ ബി എ ബിരുദം<br>-സംസ്ഥാന കേന്ദ്ര ,സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന കോഴ്സിന് പഠനം നടത്തുന്നത് സംബന്ധിച്ച രേഖ ഹാജരാക്കിയില്ല. |
| 5 | നിധിൻരാജ് വെള്ളാമ്പ്രം വീട് കുരാട് പി ഒ<br>20,000രൂപ നൽകി | കോ.ഓപ്പറേറ്റീവ് കോളേജ് നിലമ്പൂർ എന്ന സ്ഥാപനത്തിൽ ബി എ ബിരുദം<br>-സംസ്ഥാന കേന്ദ്ര ,സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന കോഴ്സിന് പഠനം നടത്തുന്നത് സംബന്ധിച്ച രേഖ ഹാജരാക്കിയില്ല. |

അപാകതകൾക്ക് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 18/22-23/01.09.23) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ മേൽ വിദ്യാർത്ഥികൾക്ക് നൽകിയ 1,05,000 രൂപ (20,000x4 + 25,000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 വിവാഹ ധനസഹായം (എസ് സി )-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക അനുവദിച്ചു.

പ്രോജക്റ്റ് നം. 181/23

വിവാഹ ധനസഹായം (എസ് സി )

വിനിയോഗിച്ച തുക – 11,00,000 ( പ്ലാൻ -എസ് സി പി )

ബിൽ നം.12/22-23/23.03.23 -5,75,000 രൂപ

ബിൽ നം.7/22-23/04.01.23 - 75,000 രൂപ

ബിൽ നം.8/22-23/29.01.23 - 75,000 രൂപ

ബിൽ നം.9/22-23/14.02.23 - 75,000 രൂപ

ബിൽ നം.5/22-23/07.01.23 – 2,25,000 രൂപ

ബിൽ നം.4/22-23/07.01.23 – 75,000 രൂപ

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. ശ്രീമതി ശാന്ത കെ കാരാടൻ വീട്, മേലേമഠം വണ്ടൂർ പി ഒ എന്ന അപേക്ഷകക്ക് ആനുകൂല്യം അനുവദിച്ചത് സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)അപേക്ഷക അപേക്ഷ സമർപ്പിച്ചത് 03.03.2023 നാണ് . വിവാഹം നടത്തത് 12.05.2022 നാണ്.സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/ തസ്വഭവ തീ. 28.05.2022 ഖണ്ഡിക 7.2.1 പ്രകാരം വിവാഹത്തിന് 15 ദിവസം മുൻപോ, വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ വിവാഹത്തിന് ധനസഹായത്തിന് അപേക്ഷ സമർപ്പിക്കണം. കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പരിശോധിച്ച് അനുമതി നൽകേണ്ടത് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറികൂടിയായ ജില്ലാകളക്ടറാണ്. എന്നാൽ ആയത് പാലിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ആനുകൂല്യം നൽകിയിട്ടുള്ളത്.

2)സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/ തസ്വഭവ തീ. 28.05.2022 പ്രകാരം 3,00,000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത് . എന്നാൽ ഫയൽ പരിശോധിച്ചതിൽ അപേക്ഷകയുടെ ഭർത്താവ് സർക്കാർ ജീവനക്കാരനാണ് എന്ന് റേഷൻ കാർഡിന്റെ പകർപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട് (നം.2052076850). ജോലിയുടെ വിവരം,ശരിയായ വരുമാന വിവരം എന്നിവ കാണിച്ച് വില്ലേജ് ഓഫീസറിൽ നിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 11/22-23/26.08.23)വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല.അപേക്ഷയുടെ ഭർത്താവ് സർക്കാർ ജീവനക്കാരനാണ് എന്നതിനാൽ ജോലിയുടെ വിവരം,ശരിയായ വരുമാന വിവരം എന്നിവ കാണിച്ച് വില്ലേജ് ഓഫീസറിൽ നിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതും വൈകികിട്ടിയ അപേക്ഷയിൽ ജില്ലാ കളക്ടറുടെ അനുമതിയില്ലാതെ ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.ചെലവുതുക 75000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 അസിസ്റ്റൻറ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ -സർക്കാർ നിർദ്ദേശം പാലിക്കാതെ സിഡ്കോയിൽ നിന്നും വാങ്ങൽ നടത്തി

വിശദവിവരം ചുവടെ ചേർക്കുന്നു.
1)പ്രോജക്റ്റ് നം. 71/23

വൃദ്ധർക്ക് കട്ടിൽ പദ്ധതി

വിനിയോഗിച്ച തുക – 2,65,350 രൂപ (പ്ലാൻ -എസ് സി പി )

ബിൽ നം. 1/22-23/ 28.06.23 – 2,65,350 രൂപ
2) 193/23
മലക്കാരുകുന്ന് സാംസ്കാരിക നിലയത്തിലേക്ക് ഫർണീച്ചർ വാങ്ങൽ പദ്ധതി

വിനിയോഗിച്ച തുക – 85,712 രൂപ (ടി എസ് പി )
ബിൽ നം. 17/22-23/ 28.03.23 -85,712 രൂപ

വൃദ്ധർക്ക് കട്ടിൽ പദ്ധതി പ്രകാരം സിഡ്കോ മഞ്ചേരി മുഖേന (ഇൻവോയിസ് നം. MJRI/22-23/03 തീ. 26.04. 22)താഴെ പറയുന്ന കട്ടിൽ വാങ്ങുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

| ക്രമ നം. | ഇനം | നിരക്ക് | എണ്ണം |
|---|---|---|---|
| 1 | Hardwood Cot With Wooden Plank Top Size -198x 90x 60/50 Cm Polished | 3686.44 + 18% G S T | 61 |

മലക്കാരുകുന്ന് സാംസ്കാരിക നിലയത്തിലേക്ക് ഫർണീച്ചർ വാങ്ങൽ പദ്ധതി പ്രകാരം സിഡ്കോ മഞ്ചേരി മുഖേന (ഇൻവോയിസ്

നം. MJRI/22-23/411 തീ. 27.03. 23)താഴെ പറയുന്ന കട്ടിൽ വാങ്ങുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

| ക്രമ നം. | ഇനം | നിരക്ക് | എണ്ണം |
|---|---|---|---|
| 1 | Armed Fibre Chair Virigin Plastic (Nilkamal Model No. 2209) | 821.18 + 18% G S T | 57 |
| 2 | Table<br>Rubwood Table With 1 Drawer And Cupboard With Sliding Key Board<br>12x60x 75cm | 13729.66 + 18% G S T | 1 |
| 3 | Steel Cabinet<br>200x90x 50cm With Locker And Power Coated | 12100 + 18% G S T | 1 |

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകകൾ ചുവടെ ചേർക്കുന്നു.

1)സ.ഉ (സാധാ) നം. 97/2022/ എസ് പി ഡി തീ. 23.12.22 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ക്വട്ടേഷൻ ക്ഷണിക്കാതെ SIDCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ SIDCO യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതും SIDCO സ്വയം നിർമ്മിച്ചതുമായ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള SIDCO ഉല്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നതിന് അനുവാദമുള്ളത്. അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ സംഭരണം നടത്താവൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ പറഞ്ഞ ഉല്പന്നങ്ങൾ SIDCO സ്വയം നിർമ്മിച്ച മേൽ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള SIDCO ഉല്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടവയല്ല.

2)കൂടാതെ, അക്രഡിറ്റേഷൻ ഉത്തരവുകളിൽ അംഗീകാരം നൽകി പട്ടികപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ/ ബിഡ് മുഖേന മാത്രമെ അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കാവൂ എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 10.11.2020ലെ PAN 13189/2020-JB(DP) കത്തിൽ സ.ഉ(സാധാ)നം. 1978/2020/ തസ്വഭവ തീ. 21.10.2020 ലെ ഉത്തരവിനെ പരാമർശിച്ച് വ്യക്തമാക്കിയിട്ടുള്ളതുമാണ് . ആയതും പാലിച്ചിട്ടില്ല. അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

3) 60 വയസ്സുകഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. എന്നാൽ 60 വയസ്സ് തികയാത്ത താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകിയിട്ടുണ്ട് കാരണം വ്യക്തമാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/തസ്വഭവ തീ.28.05.22 പ്രകാരം ശയ്യാലംബരായ 60 വയസ്സ് തികയാത്ത ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകാവുന്നതാണെങ്കിലും ആയതു സംബന്ധിച്ച രേഖയും ഫയലിൽ ഇല്ല.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ജനനതീയ്യതി ( ആധാർ കാർഡ് പ്രകാരം ) |
|---|---|---|
| 1 | പത്മാവതി മാഞ്ചേരിയൻ കാഞ്ഞിരംപാടം മച്ചിങ്ങാപൊയിൽ | 01.01.1963 |
| 2 | നിർച്ച മണ്ണേൻ വീട് ശാന്തിനഗർ കൊമ്പൻകല്ല് വാണിയമ്പലം പി ഒ | 01.01.1965 |

അപാകതക്ക് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 16/22-23/26.08.23)നൽകിയ മറുപടിയിൽ മേൽ ക്രമനം. (2) പരാമർശിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കി.എന്നാൽ മറ്റു അപാകതകൾക്ക് കാരണം വ്യക്തമാക്കുകയുണ്ടായില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 സിഡ്കോ മുഖേന ഫർണ്ണീച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ പ്രകാരം സിഡ്കോ മഞ്ചേരി മുഖേന ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട് .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്റ്റ് നം. 152/23

കുറ്റമ്പാറ സാംസ്കാരിക നിലയത്തിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി പദ്ധതി

വിനിയോഗിച്ച തുക – 49,875 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. 22201423/30.03.23

സിഡ്കോ മഞ്ചേരി മുഖേന (ഇൻവോയിസ് നം. MJRI/22-23/413 തീ. 27.03. 23)താഴെ പറയുന്ന ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | നിരക്ക് | എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | Armed Fiber Chair | 821.86 + 18% G S T | 20 |
| 2 | Rubwood Table With 1 Drawer And Cubboard With Sliding Key Board<br>120x 60x 75 Cm | 13729.66 + 18% G S T | 1 |
| 3 | Steel Cabinet<br>120x90x50 Cm With Locker And Power Coated | 12100 + 18% G S T | 1 |

2) 151/23

പകൽ വീടിന് ഫർണ്ണീച്ചർ വാങ്ങൽ

വിനിയോഗിച്ച തുക – 49,875 രൂപ (തനത് ഫണ്ട്)
വൗച്ചർ നം. 22201409/30.03.23

സിഡ്കോ മഞ്ചേരി മുഖേന (ഇൻവോയിസ് നം. MJRI/22-23/412 തീ. 27.03.23)താഴെ പറയുന്ന ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | നിരക്ക് | എണ്ണം |
|---|---|---|---|
| 1 | Armed Fiber Chair<br>Nilkamal Model | 821.86 + 18% G S T | 20 |
| 2 | Rubwood Table With 1 Drawer And Cubboard With Sliding Key Board<br>120x 60x 75 Cm | 13729.66 + 18% G S T | 1 |
| 3 | Steel Cabinet<br>120x90x50 Cm With Locker And Power Coated | 12100 + 18% G S T | 1 |

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകകൾ ചുവടെ ചേർക്കുന്നു.

1)സ.ഉ (സാധാ) നം. 97/2022/ എസ് പി ഡി തീ. 23.12.22 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ക്വട്ടേഷൻ ക്ഷണിക്കാതെ SIDCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ SIDCO യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതും SIDCO സ്വയം നിർമ്മിച്ചതുമായ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള SIDCO ഉല്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നതിന് അനുവാദമുള്ളത്. അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ സംഭരണം നടത്താവൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ പറഞ്ഞവ SIDCO സ്വയം നിർമ്മിച്ച മേൽ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള SIDCO ഉല്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടവയല്ല.

2)കൂടാതെ, അക്രഡിറ്റേഷൻ ഉത്തരവുകളിൽ അംഗീകാരം നൽകി പട്ടികപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ/ ബിഡ് മുഖേന മാത്രമെ അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കാവൂ എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 10.11.2020ലെ PAN 13189/2020-JB(DP) കത്തിൽ സ.ഉ(സാധാ)നം. 1978/2020/ തസ്വഭവ തീ. 21.10.2020 ലെ ഉത്തരവിനെ പരാമർശിച്ച് വ്യക്തമാക്കിയിട്ടുള്ളതുമാണ് . ആയതും പാലിച്ചിട്ടില്ല.

3) മേൽ ഫർണ്ണീച്ചറുകൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയതിന്റെ സ്റ്റോക്ക്, ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.
അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.13/28.08.23)മറുപടിയിൽ മേൽ ക്രമനം. (2)ൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിച്ചതിന്റെയും,മേൽ ഫർണ്ണീച്ചറുകൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയതിന്റെ സ്റ്റോക്ക്, ഇഷ്യൂ വിവരവും പരിശോധനക്ക് ലഭ്യമാക്കി. എന്നാൽ ക്രമനം. (1)ലെ അപാകതക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പാലിക്കാതെ സിഡ്ക്കോയിൽ നിന്നും വാങ്ങൽ നടത്തിയതിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 ആർട്ട്കോ മുഖേന നടത്തിയ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നം. 54/23 ആരോഗ്യ ഉപകേന്ദ്രങ്ങൾ വെൽനസ് കേന്ദ്രങ്ങളാക്കൽ പദ്ധതി(വിനിയോഗിച്ച തുക – 4,44,295 രൂപ (മെയിന്റനൻസ് ഫണ്ട് (റോഡിതരം )ബിൽ നം. 12/22-23/ 31.07.22 – 3,52,304 രൂപ , ബിൽ നം. 18/22-23/ 11.10.22 -38,500 രൂപ & ബിൽനം.26/22-23/26.11.22- 52,252 രൂപ) പ്രകാരം ആർട്ട്കോ മലപ്പുറം മുഖേന താഴെ പറയുന്ന വാങ്ങലുകൾ നടത്തിയിട്ടുണ്ട്.(ഇൻവോയിസ് നം.MPM37/28.10.22

| ക്രമ നം. | ഇനം | നിരക്ക് | എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | Wheel Chair (Seat And Back Rest 311 Upholstrey)MS Tubular Frame Work Fitted With Seat And Back Two Solid Rubber Ired Bicycle Wheels Two Swivel Castors Powder Coated Finish | 5294 + G S T | 6 |
| 2 | HIW08- Wheel Chair With Cummode | 9000+ G S T | 5 |

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകകൾ ചുവടെ ചേർക്കുന്നു.

1) G O(Rt)No.19/2019/ എസ് പി ഡി തീ. 13.04.19 പ്രകാരം സർക്കാർ സ്ഥാപനങ്ങൽ ക്വട്ടേഷൻ ക്ഷണിക്കാതെ ARTCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ ARTCO യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതും ARTCO സ്വയം നിർമ്മിച്ചതുമായ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ARTCO ഉല്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നതിന് അനുവാദമുള്ളത്. അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ സംഭരണം നടത്താവൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ പറഞ്ഞവ ARTCO സ്വയം നിർമ്മിച്ച മേൽ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ARTCO ഉല്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടവയല്ല.

2)കൂടാതെ, അക്രഡിറ്റേഷൻ ഉത്തരവുകളിൽ അംഗീകാരം നൽകി പട്ടികപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ/ ബിഡ് മുഖേന മാത്രമെ അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കാവൂ എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 10.11.2020ലെ PAN 13189/2020-JB(DP) കത്തിൽ സ.ഉ(സാധാ)നം. 1978/2020/ തസ്വഭവ തീ. 21.10.2020 ലെ ഉത്തരവിനെ പരാമർശിച്ച് വ്യക്തമാക്കിയിട്ടുള്ളതുമാണ് . ആയതും പാലിച്ചിട്ടില്ല. അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

3) മേൽ ഉപകരണങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയതിന്റ സ്റ്റോക്ക്, ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 14/22-23/26.08.23)മറുപടിയിൽ മേൽ ക്രമനം. (2)ൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിച്ചതിന്റെയും,മേൽ ഉപകരണങ്ങൾ നൽകിയതിന്റ സ്റ്റോക്ക്, ഇഷ്യൂ വിവരവും പരിശോധനക്ക് ലഭ്യമാക്കി. എന്നാൽ ക്രമനം. (1)ലെ അപാകതക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പാലിക്കാതെ ആർട്ക്കോയിൽ നിന്നും വാങ്ങൽ നടത്തിയതിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-29 ചെലവുരേഖകൾ ലഭ്യമാക്കിയില്ല.

തനത്ഫണ്ടിൽ നിന്നും 2022-23 വർഷത്തിൽ സെക്രട്ടറി നടത്തിയിട്ടുള്ള താഴെ പറയുന്ന ചെലവുകൾക്ക് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 17/22-23 /01.09.2023)രേഖകൾ ലഭ്യമാക്കുന്നത് വരെ/അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക4,77,050രൂപ (11,614 + 10,000+ 63,550 + 66,250 + 45,636(27,782+ 6,305 + 11,549)+ 2,80,000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

### 1-29-1 പൊതു വിഭാഗം കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണിക്ക് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചു

സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ)നം.115/2022/തസ്വഭവ തീയ്യതി 28.05.22 ഖണ്ഡിക 6.6 പ്രകാരം കുടിവെള്ള പ്രോജക്റ്റുകൾ അവ പൂർത്തീകരിച്ച ശേഷം അവയുടെ നടത്തിപ്പും അറ്റകുറ്റപണികളുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പുകൾ ഏറ്റെടുക്കേണ്ടതാണ്. പൊതുവിഭാഗം കുടിവെള്ളപദ്ധതികളിലെ 50,000 രൂപയിൽ അധികരിച്ച് വരുന്ന അറ്റകുറ്റപണികൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കേണ്ടതുള്ളുവെന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്.എന്നാൽ താഴെ പറയുന്ന കുടിവെള്ള പദ്ധതിയുടെ കാര്യത്തിൽ ആയത് പാലിച്ചിട്ടില്ല.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/22-23/01.09.23) മതിയായ ഫണ്ടില്ലാത്തതു കൊണ്ടാണ് അപ്രകാരം സംഭവിച്ചത് എന്ന മറുപടി സ്വീകാര്യമല്ല.

| ക്രമ നം. | വൗച്ചർ നം./തീയ്യതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 2220339/24.06.22 | 11,614 | ഗുണഭോക്തൃസമിതിക്ക് കൈമാറിയ മുടപ്പിലാശ്ശേരി കുടിവെള്ളപദ്ധതിക്ക് വൈദ്യതി കണക്ഷൻ ഇനത്തിൽ അസി .എഞ്ചിനീയർ,കെ എസ് ഇ ബി വാണിയമ്പലത്തിന് അടവാക്കിയ തുക. |

### 1-29-2 പ്രീപ്രൈമറി കലോൽസവത്തിന് തുക നൽകിയത് ക്രമവിരുദ്ധം

| ക്രമ നം. | വൗച്ചർ നം./തീയ്യതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 2220348/24.06.22 | 10,000 | 2019-20 വർഷത്തെ പ്രീ പ്രൈമറി കലോൽസവത്തിന് എം എ എൽ പി എസ് വണ്ടൂർ ഹെഡ്മാസ്റ്റർക്ക് തുക നൽകിയത്. |

സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ)നം.115/2022/തസ്വഭവ തീയ്യതി 28.05.22, പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)84/2022 /തസ്വഭവ തീ.19.04.2022 ,1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 168-ാം വകുപ്പ് (1)-ാംനം. ഉപവകുപ്പ് 3-ാംപട്ടിക എന്നിവ പ്രകാരം ഈ ഇനത്തില തുക ചെലവഴിക്കുന്നതിന് വ്യവസ്ഥ ചെയ്യിട്ടില്ലാത്തതാണ്.തുക ചെലവഴിക്കാൻ ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതും. 2019-20 വർഷത്തെ പ്രീ പ്രൈമറി കലോൽസവത്തിന് മൂന്ന് വർഷങ്ങൾക്ക് ശേഷം തുക അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതുമാണ്.

അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.17/22-23/01.09.23) പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരമാണ് തുക നൽകിയത് എന്ന മറുപടി സ്വീകാര്യമല്ല.

## 1-29-3 ഭിന്നശേഷി ഗ്രാമസഭക്ക് തുക അനുവദിച്ചത് – വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| ക്രമനം. | വൗച്ചർ നം./തീയ്യതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200370/02.07.2022 | 63,550 | 22.06.22 ന് നടത്തിയ 2022- 23 വർഷത്തെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഭിന്നശേഷി ഗ്രാമസഭ ചെലവുകൾക്ക് നൽകിയ തുക<br>- ഗ്രാമസഭയിൽ പങ്കെടുത്ത ഭിന്നശേഷിക്കാരുടെ ഹാജർ വിവരം, യോഗതീരുമാനങ്ങളുടെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>- 2022- 23 വർഷത്തെ വാർഷിക പദ്ധതി രൂപീകരണം , നടപ്പാക്കാനുള്ള പദ്ധതികൾ എന്നിവക്ക് അംഗീകാരം നേടിയ ശേഷം 2022- 23 വർഷത്തെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഭിന്നശേഷി ഗ്രാമസഭ ഗ്രാമസഭ ചേർന്നത് എന്തിനെന്ന് വ്യക്തമാക്കേണ്ടതാണ്.(2023-24 വർഷത്തേക്കുള്ള വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഭിന്നശേഷി ഗ്രാമസഭ പിന്നീട് ചേർന്നിട്ടുള്ളതാണ്.) |

സ.ഉ (കൈ) നം.275/ 2021/തസ്വഭവ തീ.26.11.21 പ്രകാരം (2022-23 വർഷത്തെ )കരട് വികസന രേഖ 2022 ജനവരി 20 നകം പൂർത്തീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.അപാകത പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്കു(നം.17/22-23/01.09.23) മറുപടിയിൽ ഭിന്നശേഷി ഗ്രാമസഭ നടത്തിപ്പിന് വന്ന ചെലവുകൾ പദ്ധതി അംഗീകാരം കിട്ടുന്നതിന് മുൻപായി കൊടുക്കേണ്ടവന്നതിനാലാണ് തനത്ഫണ്ടിൽ നിന്നും അനുവദിക്കേണ്ടിവന്നത് എന്ന മറുപടി ലഭ്യമാക്കി.2022- 23 വർഷത്തെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നേടിയ ശേഷം 2022-23 വർഷത്തെ ഭിന്നശേഷി ഗ്രാമസഭ ചേർന്നത് മൂലം ഭിന്നശേഷിക്കാർക്ക് എന്ത് പ്രയോജനമെന്ന് വ്യക്തമാക്കിയില്ല. ഗ്രാമസഭയിൽ പങ്കെടുത്തവരുടെ വിവരവും ലഭ്യമാക്കിയില്ല.

## 1-29-4 വാർഷിക പദ്ധതികൾക്ക് അംഗീകാരം നേടിയ ശേഷം വികസന സെമിനാർ നടത്തി

| ക്രമ നം. | വൗച്ചർ നം./തീയ്യതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 2220473/04.08.22 | 66,250 | 25.07.22 ന് നടത്തിയ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വർഷത്തെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വികസന സെമിനാർ നടത്തിയതിന് ചെലവഴിച്ച തുക |

| | | | |
|---|---|---|---|
| | | | -2022- 23 വർഷത്തെ വാർഷിക പദ്ധതി രൂപീകരണം , നടപ്പാക്കാനുള്ള പദ്ധതികൾ എന്നിവക്ക് അംഗീകാരം നേടിയ ശേഷം 2022-23 വർഷത്തെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വികസന സെമിനാർ നടത്തിയത് എന്തിനെന്ന് വ്യക്തമാക്കേണ്ടതാണ്.(2023-24 വർഷത്തേക്കുള്ള വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വികസന സെമിനാർ പിന്നീട് ചേർന്നിട്ടുള്ളതാണ്.)<br>- കൂടാതെ, ഈ ആവശ്യത്തിനായി അംഗീകാരം നേടിയ പ്രോജക്റ്റ് നം. 87/23 പദ്ധതി രൂപീകരണം ,നിർവ്വഹണം മോണിറ്ററിംഗ് പദ്ധതി നിലവിലിരിക്കെ, പദ്ധതിക്ക് പുറത്ത് തുക ചെലവഴിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. |

സ.ഉ (കൈ) നം.275/ 2021/തസ്വഭവ തീ.26.11.21 പ്രകാരം (2022-23 വർഷത്തെ )കരട് വികസന രേഖ 2022 ജനുവരി 20 നകം പൂർത്തീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു(നം.17/22-23/01.09.23) മറുപടിയിൽ ചെലവുകൾ പദ്ധതി അംഗീകാരം കിട്ടുന്നതിന് മുൻപായി കൊടുക്കേണ്ടവന്നതിനാലാണ് തനത്ഫണ്ടിൽ നിന്നും അനുവദിക്കേണ്ടിവന്നത് എന്ന മറുപടി ലഭ്യമാക്കി.2022- 23 വർഷത്തെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നേടിയ ശേഷം 2022-23 വർഷത്തെ വികസന സെമിനാർ നടത്തിയതിന്റെ യുക്തിയെന്തെന്ന് വ്യക്തമാക്കിയില്ല. ചെലവുതുക പദ്ധതിയിൽപ്പെടുത്തി പിന്നീട് ക്രമികരിച്ചിട്ടുമില്ല.

## 1-29-5 കെ എസ് ഇ ബി യ്ക്ക് തുക നല്കിയത് - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയ്യതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200560/29.08.22 | 27,782 | പഞ്ചായത്ത് ഓഫീസിന് കിഴക്കുഭാഗത്ത് ഇലക്ട്രിക് പോസ്ററ് മാറ്റിവെയ്ക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ വണ്ടൂരിന് നൽകിയ തുക.<br>- റോഡ് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം ,എന്താവശ്യത്തിന് മാറ്റുന്നുവെന്നതിന്റെ വിവരം,പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 2 | 22201087/24.01.23 | 6,305 | ആമപ്പൊട്ടി റോഡ് ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ വാണിയമ്പലത്തിന് നൽകിയ<br>- റോഡ് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം ,എന്താവശ്യത്തിന് മാറ്റുന്നുവെന്നതിന്റെ വിവരം,പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 3 | 22201228/01.03.23 | 11,549 | പാലക്കാട്ടുകുന്ന് എസ് സി കോളനി റോഡ് ഇലക്ട്രിക് പോസ്ററ് മാറ്റിവെയ്ക്കുന്നതിന് അസി. എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ വണ്ടൂരിന് നൽകിയ |

| | | | |
|---|---|---|---|
| | | | തുക.<br>- റോഡ് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരം ,എന്താവശ്യത്തിന് മാറ്റുന്നുവെന്നതിന്റെ വിവരം,പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. |

അപാകത പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്കു(നം.17/22-23/01.09.23) മറുപടിയിൽ പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. മുഴുവൻ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-29-6 മഴക്കാല പൂർവ്വ ശുചീകരണത്തിന് തുക നൽകിയത് – വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾക്ക് 28 വാർഡ്തല ശുചിത്വ സമിതികൾക്ക് 10,000 രൂപ വീതം അഡ്വാൻസ് നൽകിയിട്ടുണ്ട്.(വൗച്ചർ നം.22200226/ 24.05.22) തുക വിനിയോഗിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ(നം.17/22-23/01.09.23)വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.

## 1-30 എൻ ആർ ഇ ജി എസ് പ്രവൃത്തികൾ - മെറ്റീരിയലുകൾ സപ്ലൈ ചെയ്തതിനു പണം നൽകിയപ്പോൾ ജി.എസ്.ടി കുറവ് ചെയ്യാതിരുന്നത് – ആകെ 66,204 രൂപ അടവാക്കി

GST ബാധകമായ പ്രവൃത്തികളിലും ഇടപാടുകളിലും ഒരു കോൺട്രാക്റ്റ് പ്രകാരമുള്ള ഇടപാട് മൂല്യം GST കൂടാതെ 2.5 ലക്ഷം രൂപക്ക് മുകളിലായാൽ ആകെ തുകയുടെ 2 % GST ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ഈടാക്കേണ്ടതാണ്.
9 എൻ ആർ ഇ ജി എസ് പ്രവൃത്തികൾക്ക് നിർമ്മാണ സാമഗ്രികൾ നൽകിയ പണം നൽകിയപ്പോൾ നിയമപ്രകാരം ഈടാക്കേണ്ട ജി.എസ്.ടി വിഹിതം ഈടാക്കാതിരുന്നത് ഓഡിറ്റ് എൻക്വയറിയെ(നം. 33/02.09.23) തുടർന്ന് 66,204 രൂപ അടവാക്കി (രശീതി നം.1230802278/G100306/ 01.09.23, രശീതിനം.1230802291/G100306/ 02.09.23, രശീതി നം.1230802290/G100306/ 02.09.23) ക്രമപ്രകാരം ജി എസ് ടി – ടി ഡി എസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 അനുപൂരക പോഷകാഹാര വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ.

അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സിന്റെ വിലയിനത്തിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ 33,03,952/-രൂപ കൈരളി ന്യൂട്രിമിക്സ് യൂണിറ്റ്, നെട്ടിക്കുളം, ഉപ്പട.പി.ഒ എന്ന കുടുംബശ്രീ യൂണിറ്റിന് നൽകിയിട്ടുണ്ട്. ഈ പ്രൊജക്റ്റ് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). ജി.എസ്.ടി യുടെ TDS ഈടാക്കിയില്ല.

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാര വിതരണത്തിനുള്ള വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | ബിൽ നമ്പർ/തിയ്യതി | ഇൻവോയിസ് നമ്പർ / തിയ്യതി | തുക |
|---|---|---|---|---|
| 1 | അനുപൂരക പോഷകാഹാരം (ജനറൽ) [01/23] | 22151452021800128465 തീയതി. 24.05.2022 | 35/03.02.2022 | 2,78,388 |
| | | | 41/07.03.2022 | 2,73,800 |
| | | | 02/06.04.2022 | 2,00,540 |
| | | | 03/18.05.2022 | 2,04,388 |
| | | ചെക്ക് നമ്പർ. 3343475 തീയതി. 26.08.2022 | 09/08.06.2022 | 2,03,574 |
| | | | 17/13.07.2022 | 2,15,932 |
| | | 22151452021800534257 തീയതി. 14.09.2022 | 22/04.08.2022 | 2,10,604 |
| | | | 27/30.08.2022 | 2,19,854 |
| | | 22151452021800882090 തീയതി. 08.12.2022 | 33/13.10.2022 | 2,83,568 |
| | | | 39/02.11.2022 | 2,93,558 |
| | | ചെക്ക് നമ്പർ. 3343480 തീയതി. | 47/07.12.2022 | 2,70,692 |

| | | | |
|---|---|---|---|
| | 21.03.2023 | 52/07.12.2022 | 3,07,692 |
| | | 58/08.02.2023 | 3,41,362 |
| ആകെ | | | 33,03,952 |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.22/01.09.2023) 2023-24 സാമ്പത്തിക വർഷത്തിൽ ടി.ഡി.എസ് ചെയ്തിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2). ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത കൈരളി ന്യൂട്രിമിക്സ് യൂണിറ്റ്, നെട്ടിക്കുളം, ഉപ്പട.പി.ഒ എന്ന സ്ഥാപനത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനങ്ങളുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് / നിർവ്വഹണോദ്യോസ്ഥൻ കരാർ ചമച്ചിട്ടുമില്ല.

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-32 പരിരക്ഷ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | 16/2023, പരിരക്ഷാ (പാലിയേറ്റീവ് കെയർ) |
| ഫണ്ട്/അടങ്കൽ | പൊതുവിഭാഗം സാധാരണ വിഹിതം/1500000 |
| ചെലവ് | Rs. 1201277/- |

07.03.2019 ലെ സ.ഉ.(സാധാ) നം.553/2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് നിർവ്വഹണം നടത്തിയപ്പോൾ മാർഗ്ഗരേഖയിലെ ചുവടെ കൊടുക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

എ)മേൽ ഉത്തരവ് ഖണ്ഡിക 2.2 പ്രകാരം ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പ്രസ്തുത ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ബി) മേൽ ഉത്തരവ് ഖണ്ഡിക 2.8.ബി പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരോ സാമ്പത്തിക വർഷത്തിനു മുൻപും പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോമാസത്തേയും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി,എം.സി.ആയത് അംഗീകരിക്കേണ്ടതുമാണ് എന്ന് നിർദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്തിന്റെ പി,എം.സി മിനട്സ് പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷത്തിൽ 5 തവണയാണ് മീറ്റിംഗ് ചേർന്നിട്ടുള്ളത്(1.08.22, 24.8,22, 28.9.22, 26.10.22 2.12.22). പി.എം.സി.യുടെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 8/25.8.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-33 കരിമ്പൻതൊടി SC കോളനി കുടിവെള്ള പദ്ധതി; അപാകതകൾ

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

പ്രവൃത്തി: കരിമ്പൻതൊടി SC കോളനി കുടിവെള്ള പദ്ധതി (114/23)

അടങ്കൽ: 247986 രൂപ (തനത് ഫണ്ട്:219981, CFC:28005)

കരാറുകാരൻ: ശ്രീ ഖാലിദ് പി

കരാർ : 200/20-21/26-2-21

M Book : 200/20-21

ചെലവ് - 246893 രൂപ

BRN: 22151452018100808068/23-11-22, Rs 28005

ചെക്ക് നമ്പർ: 5303365/3-12-22, Rs 218888

പ്രവൃത്തി സ്ഥലം കൈമാറിയത്: 21-4-22

1) കിണർ കുഴിക്കുന്നതിന് മുമ്പ് തന്നെ കിണറിൽനിന്ന് വെള്ളം പമ്പ് ചെയ്ത് മാറ്റി.

കിണർ കുഴിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള മേൽ പ്രവൃത്തിയുടെ സ്ഥലം കരാറുകാരന് കൈമാറുന്നത് 21-4-2022 നാണ്.

എന്നാൽ പ്രവൃത്തി സ്ഥലം ഏറ്റെടുത്ത് കിണർ നിർമാണം ആരംഭിക്കുന്നതിന് മുമ്പ് തന്നെ കിണറിൽനിന്ന് 5 H P മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് മാറ്റിയതിന് താഴെ പറയും പ്രകാരം 1892 രൂപ നൽകിയതായി കാണുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | തീയതി | അളവ് | തുക(12% GST ഉൾപ്പെടെ) |
|---|---|---|---|
| E-8 | 18-4-22 | 4 മണിക്കൂർ | 10 X189.19/hr=1891.90<br>(+) 12% GST = 227.02<br>ആകെ: 2118.92<br>le: 2119 രൂപ |
| | 19-4-22 | 3 മണിക്കൂർ | |
| | 20-4-22 | 3 മണിക്കൂർ | |

പ്രവൃത്തി സ്ഥലം ഏറ്റെടുത്ത് കിണർ നിർമാണം ആരംഭിക്കുന്നതിന് മുമ്പ് തന്നെ കിണറിൽനിന്ന് വെള്ളം പമ്പ് ചെയ്ത് മാറ്റിയത് എപ്രകാരമാണെന്ന് വിശദീകരിക്കേണ്ടതും ഈയിനത്തിൽ നൽകിയ 2119 രൂപ തിരികെ ഈടാക്കേണ്ടതുമാണ്.

2) അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതിനേക്കാൾ പ്രവൃത്തി ചെയ്തു

അളവ് പുസ്തകപ്രകാരം 18 മീറ്റർ ആഴത്തിൽ കിണർ കുഴിക്കുകയും കിണറിന്റെ അടിഭാഗത്ത് നിന്ന് 10.32 മീറ്റർ ഉയരത്തിൽ റിംഗ് സ്ഥാപിക്കുകയും ആയതിന് കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്ളിന്ത് ലവലിന്റെ മുകളിൽ ഏകദേശം 1.5 മീറ്റർ ഉയരത്തിലുൾപ്പെടെ ഏകദേശം 19.50 മീറ്റർ ഉയരത്തിൽ റിംഗ് സ്ഥാപിച്ചതായി 1-9-23 ൽ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. മുഴുവൻ പ്രവൃത്തിയും ഏത് പ്രൊജക്ട് പ്രകാരമാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കേണ്ടതാണ്.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 23/1-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ ക്രമ നമ്പർ 1 പ്രകാരമുള്ള അപാകതക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും 2119 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതും ക്രമ നമ്പർ 2 പ്രകാരമുള്ള അപാകതക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-34 കൺവീനർ പ്രവത്തി; ഓവർ ഹെഡ് ചാർജ് 5% കുറവ് ചെയ്തില്ല.

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ബിൽ തുക നൽകിയപ്പോൾ കൺവീനർക്ക് 5% തുക അധികം നൽകാനിടയായിട്ടുണ്ട്.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് VAT ഉൾപ്പെടെയുള്ള നികുതികൾ അടവാക്കുന്നതിനാണ് എന്നാണ് ഇതു സംബന്ധിച്ച സർക്കാർ കത്തിൽ വ്യക്തമാക്കിയത്.

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ആദായ നികുതി, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമെ ഓവർ ഹെഡ് ചാർജ്ജിൽ നിന്ന് നിലവിൽ അടക്കേണ്ടി വരുന്നുള്ളൂ. GST കോമ്പൻസേഷൻ ആയി 12% എസ്റ്റിമേറ്റിൽ പ്രത്യേകമായി അനുവദിച്ച് നൽകുന്നുമുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട് . ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാലും ഇതിന് പകരമായി വന്ന GST വിഹിതം പ്രത്യേകമായി എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകിയതിനാലും വാറ്റ് ഒടുക്കുന്നതിന് വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടിയിരുന്നത്. ഇക്കാര്യം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 16.3.2018 ലെ ഡി.ബി-9058/17 /സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതുമാണ്.

അപ്രകാരം ചെയ്യാതിരുന്നത് വഴിയാണ് കൺവീനർമാർക്ക് അധിക തുക നൽകാനിടയായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രനം | പ്രവൃത്തി | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | പനമ്പോയിൽ അംഗൻ വാടി പുനരുദ്ധാരണം (136/23)<br>അടങ്കൽ: 300000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)<br>ചെലവ്: 300887<br>ബിൽ 22151452018101477237/25.3.23 | മൂല്യ നിർണ്ണയം: 254989.42<br>(+) 18% GST: 45898.10<br>ആകെ: 300887.52<br>(-) നികുതി 4%: | മൂല്യ നിർണ്ണയം: 254989.42<br>(-) 5%: 11859.97<br>(254989.42x5/107.5)<br>ബാക്കി: 243129.45<br>(+) 18% GST: 43763.30 | 15950 |

| | | | | |
|---|---|---|---|---|
| | കൺവീനർ. ശ്രീമതി റഹീന കെ സി<br>കരാർ 155/21-22/11-3-2022<br>അളവ് പുസ്തകം 155/21-22<br>കോസ്റ്റ് ഇൻഡക്സ് 36.44% | 10199<br>(I T 2% ന് പകരം 1% കുറച്ചു)<br>കൺവീനർക്ക്: 290688 | ആകെ: 286892.75<br>(-) നികുതി 5%: 12155<br>കൺവീനർക്ക്: 274738 | |
| 2 | GLPS പഴേടം പനംപോയിൽ സ്കൂൾ പുനരുദ്ധാരണം (262/23)<br>അടങ്കൽ: 495000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)<br>ചെലവ്: 427514<br>ബിൽ: 22151452018101485937/26.3.23<br>കൺവീനർ: ശ്രീമതി ശശികുമാർ<br>കരാർ: 37/22-23/12-12.2022<br>അളവ് പുസ്തകം: E M Book<br>കോസ്റ്റ് ഇൻഡക്സ് 36.44% | മൂല്യ നിർണ്ണയം: 362300<br>(+) 18% GST: 65214<br>ആകെ: 427514<br>(-) നികുതി 5%: 18954<br>കൺവീനർക്ക്: 408560 | മൂല്യനിർണ്ണയം:362300<br>(-)5%: 16851<br>(362300x5/107.5)<br>ബാക്കി: 345449<br>(+) 18% GST: 62180<br>ആകെ: 407629<br>(-) നികുതി 5%: 17270<br>കൺവീനർക്ക്: 390359 | 18201 |
| 3 | CKGLPS വാണിയമ്പലം പുനരുദ്ധാരണം (81/23)<br>അടങ്കൽ: 495000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)<br>ചെലവ്: 494630<br>ബിൽ 22151452018100512049/5-9-22<br>കൺവീനർ. ശ്രീമതി വിജയകുമാർ<br>കരാർ 153/21-22/11-3-02022<br>അളവ് പുസ്തകം 153/21-22<br>കോസ്റ്റ് ഇൻഡക്സ് 36.44% | മൂല്യ നിർണ്ണയം: 441634<br>(+) 12% GST: 52996<br>ആകെ: 494630<br>(-) നികുതി 4%: 17664<br>(I T 2% ന് പകരം 1% കുറച്ചു)<br>കൺവീനർക്ക്: 476966 | മൂല്യ നിർണ്ണയം: 441634<br>(-) 5%: 20541<br>(441634x5/107.5)<br>ബാക്കി: 421093<br>(+) 12% GST: 50531<br>ആകെ: 471624<br>(-) നികുതി 5%: 21055<br>കൺവീനർക്ക്: 450569 | 26397 |
| | | | ആകെ | 60548 |

കൺവീനർമാർക്ക് അധികം നൽകിയ 60548 രൂപ ഈടാക്കേണ്ടതാണന്നാവശ്യപ്പെട്ട് നൽകിയ 24/1-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കൺവീനർമാർക്ക് അധികം നൽകിയ 60548 രൂപ അതാത് കൺവീനർമാരിൽ നിന്നോ അല്ലാത്തപക്ഷം ഫൈനൽ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ കൺവീനർമാർക്ക് അനുവദിച്ച് 12%/18% GST അതാത് കൺവീനർമാർ അടവാക്കിയതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-35 പുല്ലംപറമ്പ് ആർപ്പോയിൽ റോഡിന് ഡ്രൈനേജ് നിർമാണം; അപാകതകൾ

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

പ്രവൃത്തി: പുല്ലംപറമ്പ് ആർപ്പോയിൽ റോഡിന് ഡ്രൈനേജ് നിർമാണം (123/23)

അടങ്കൽ: 300000 രൂപ (CFCഫണ്ട്)

കരാറുകാരൻ: ശ്രീ അനീഷ് ടി പി

കരാർ : 156/21-22/14-3-22

M Book : 156/21-22

ചെലവ് - 299826 രൂപ

വൗച്ചർ നമ്പർ: 14/22-23

അപാകതകൾ

1) മേൽ പ്രവൃത്തിയിൽ ഏകദേശം 20 മീറ്റർ നീളത്തിൽ ഡ്രൈനേജ് നിർമിച്ച് കവർ സ്ളാബ് സ്ഥാപിച്ചിട്ടുള്ളത് ഒരു സ്വകാര്യ

വ്യക്തിയുടെ ഭൂമിയിലാണ്. ഈ ഭൂമി ഗ്രാമ പഞ്ചായത്തിന് വിട്ട് നൽകിയതാണോയെന്ന് വ്യക്തമല്ല.

2) ഡ്രൈനേജിന് പല ഭാഗങ്ങളിലായാണ് കവർ സ്ലാബ് സ്ഥാപിച്ചിട്ടുള്ളത്. ഒരു ഗ്രാമ പ്രദേശത്തെ റോഡ് സൈഡിലാണ് ഡ്രൈനേജ് നിർമിച്ച് കവർ സ്ലാബ് സ്ഥാപിച്ചിട്ടുള്ളത്. സ്ലാബിന് മുകളിലൂടെ വാഹനഗതാഗതത്തിന്റെയോ കാൽനടയാത്രയുടേയോ ആവശ്യം വരുന്നില്ലെന്ന് 1-9-23 ൽ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നിട്ടും സ്ലാബ് വാർക്കുന്നതിനായി 8 Mm കമ്പിക്ക് പകരം 10 Mm കമ്പിയാണ് ഉപയോഗിച്ചിട്ടുള്ളത്.ആയത് അധികച്ചെലവിന് കാരണമായിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണന്നാവശ്യപ്പെട്ട് നൽകിയ 25/1-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേ ൽ അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയിത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുൻപ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽമൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 )

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

22-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ, അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. മറ്റു ചില പ്രവൃത്തികൾക്ക് മഴയാണെന്ന കാരണത്താൽ പിഴയില്ലാതെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. മഴയാണെന്ന ഒറ്റ കാരണത്താൽ കാലാവധി നീട്ടി നൽകിയത് അംഗീകരിക്കാനാവില്ല. മാത്രമല്ല, പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾക്കും നൽകുവാനുമുള്ള സേവനങ്ങൾക്കുമുള്ള സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ഇത്തരത്തിലുള്ള ദീർഘീകരണം ഭരണസമിതി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ പിഴ ഈടാക്കാതെ പ്രവൃത്തി ദീർഘിപ്പിച്ചത് ശരിയായ നടപടിയല്ല.

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തതിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| ക്ര നം | പദ്ധതി വിശദാംശ | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 1 | പ്രവൃത്തി: കാഞ്ഞിരംപാടംറോഡ് കോൺക്രീറ്റ് (145/23)<br>അടങ്കൽ: 495000 രൂപ (തനത് ഫണ്ട്)<br>കരാറുകാരൻ: ശ്രീ നൂറുൽ ഹസ്സൻ<br>കരാർ : 172/21-22/31-3-22<br>PAC: 441880.32രൂപ<br>M Book : 172/22-23<br>പൂർത്തീകരണകാലയളവ്: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 30-9-22<br>പൂർത്തീകരിച്ചത്: 2-12-22 (അളവ് | വൈകിയത് : 63 ദിവസം.<br>ഈടാക്കേണ്ട പിഴ: 3026രൂപ<br>(1-10-22 To 2-12-22- @ 1% Of PAC:<br>4418.80x63/92 = 3025.91 രൂപ<br>le 3026 രൂപ)<br>മഴയാണെന്ന കാരണത്താൽ പിഴയില്ലാതെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ 22-3-22 ന് കരാർ വെച്ച ഈ പ്രവൃത്തി 18-11-22 ൽ മാത്രമാണ് തുടങ്ങുന്നത്. |

| | | |
|---|---|---|
| | പുസ്തകം പേജ് 6)<br>ചെലവ് - 512933 രൂപ<br>ചെക്ക് നമ്പർ: 5303374/23-3-23 | കൂടാതെ, ഈ പ്രവൃത്തിയുടെ AS/TS തുക 495000 രൂപയാണ്. എന്നാൽ ആകെ ചെലവ് 512933 രൂപയുമാണ്. AS/TS അനുമതിത്തുകയിൽ അധികരിച്ച് 17933 (512933-495000) രൂപ ചെലവ് ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്. |
| 2 | പ്രവൃത്തി: എമങ്ങാട് SC കോളനി സൈഡ് കെട്ടൽ (78/23)<br>അടങ്കൽ: 200000 രൂപ (വികസന ഫണ്ട്-SCP)<br>കരാറുകാരൻ: ശ്രീ അബ്ദുൾ ഗഫൂർ കെ ടി<br>കരാർ : 150/21-22/9-3-22<br>PAC: 178018.43രൂപ<br>M Book : 150/22-23<br>പൂർത്തീകരണകാലയളവ്: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 8-9-22<br>പൂർത്തീകരിച്ചത്: 18-1-23 (അളവ് പുസ്തകം പേജ് 10)<br>ചെലവ് - 199676 രൂപ<br>BRN: 221514520181011179971/31-1-23 | വൈകിയത് : 4 മാസം 1 ദിവസം.<br>ഈടാക്കേണ്ട പിഴ: 3007രൂപ<br>(9-9-22 To 8-12-22- @ 1% Of PAC: 1780.18 രൂപ<br>9-12-22 To 18-1-23 @ 2% 0f PAC: 3560.36x31/90 =1226.34<br>ആകെ 3006.52 le 3007 (രൂപ)<br>കോളനിയിലെ അതിർത്തി തീരുമാനിക്കാത്തതിനാൽ ഈ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്ന കാരണത്താൽ പിഴയില്ലാതെ കാലാവധി നീട്ടി നൽകി. എന്നാൽ, പ്രവൃത്തി ചെയ്യാനുള്ള സ്ഥലം നിർണ്ണയിച്ചതിന് ശേഷം മാത്രമേ പദ്ധതി തയ്യാറാക്കാവൂ എന്നതിനാൽ ആയത് അംഗീകരിക്കാനാവില്ല. മാത്രമല്ല, 9-3-22 ന് കരാർ വെച്ച ഈ പ്രവൃത്തി 13-12-22 ൽ മാത്രമാണ് തുടങ്ങുന്നത്. |
| 3 | പ്രവൃത്തി: പുല്ലൂർ SC കോളനി കുടിവെള്ളപദ്ധതി പൂർത്തീകരണം (82/23)<br>അടങ്കൽ: 200000 രൂപ (വികസന ഫണ്ട്-SCP)<br>കരാറുകാരൻ: ശ്രീ ഫൈസൽ വി<br>കരാർ : 119/18-19/17-2-19<br>PAC: 198849.30രൂപ<br>M Book : 119/18-19<br>പൂർത്തീകരണകാലയളവ്: 6 മാസം<br>കോവിഡ് ഇളവ്: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 16-2-19<br>പൂർത്തീകരിച്ചത്: 1-12-21 (അളവ് പുസ്തകം പേജ് 10)<br>ചെലവ് - 198769 രൂപ<br>BRN: 22151452018100180796/8-6-22 | വൈകിയത് : 9 മാസം 15 ദിവസം.<br>ഈടാക്കേണ്ട പിഴ: 10591രൂപ<br>(17-2-21 To 16-5-21- @ 1% Of PAC: 1988.49 രൂപ<br>17-5-21 To 16-8-21- @ 2% Of PAC: 3976.98 രൂപ<br>17-8-21 To 16-11-21- @ 2% Of PAC: 3976.98 രൂപ<br>17-11-21 To 1-12-21@ 2% 0f PAC: 3976.98x15/92 =648.42<br>ആകെ 10590.87 le 10598 (രൂപ) |
| 4 | പ്രവൃത്തി: പള്ളിപ്പടി പാറാതൊടി റോഡ് റീടാറിംഗ്(76/23)<br>അടങ്കൽ: 250000 രൂപ (വികസന ഫണ്ട്-ജനറൽ)<br>കരാറുകാരൻ: ശ്രീ കാമിൽ കെ ടി<br>കരാർ : 168/21-22/31-3-22<br>PAC: 223020.71രൂപ | വൈകിയത് : 4 മാസം 16 ദിവസം.<br>ഈടാക്കേണ്ട പിഴ: 4510രൂപ<br>(1-10-22 To 31-12-22- @ 1% Of PAC: 2230.20 രൂപ<br>1-1-23 To 15-2-23@ 2% 0f PAC:4460.x46/90 =2279.76<br>ആകെ 4509.96 le 4510 (രൂപ)<br>മഴയാണെന്ന കാരണത്താൽ പിഴയില്ലാതെ |

| | | | |
|---|---|---|---|
| | M Book : 168/21-22<br>പൂർത്തീകരണകാലയളവ്: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 30-9-22<br>പൂർത്തീകരിച്ചത്: 15-2-23 (അളവ് പുസ്തകം പേജ് 5)<br>ചെലവ് - 198769 രൂപ<br>BRN: 22151452018100180796/8-6-22 | കാലാവധി നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ 31-3-22 ന് കരാർ വെച്ച ഈ പ്രവൃത്തി ൽ മാത്രമാണ് തുടങ്ങുന്നത്. | |
| | ആകെ | 21134 രൂപ | |

പ്രവൃത്തി പൂർത്തീകരണം വൈകിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കാതെ ഫൈനൽ ബിൽ നൽകിയതിന് വിശദീകരണം നൽകേണ്ടതും ആയത് മൂലമുള്ള നഷ്ടം 21134 രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ നൽകിയ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി തിരിച്ചടക്കേണ്ടതാണെന്നും നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരനെ പ്രവൃത്തി സ്ഥലത്ത് പ്രവൃത്തി നടത്താൻ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 26/1-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിലുള്ള 21134 രൂപ അതാത് കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഫൈനൽ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്. കൂടാതെ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരനെ പ്രവൃത്തി സ്ഥലത്ത് പ്രവൃത്തി നടത്താൻ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-37 GI പൈപ്പ് സ്ഥാപിച്ചതിന് അധികനിരക്കിൽ തുക നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ പറയുന്ന കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റിൽ പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ എന്നിവക്ക് വേണ്ടി GIപൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ് & റിഫില്ലിംഗ് ഉൾപ്പെടെയുള്ള നിരക്കാണ് അനുവദിച്ച് നൽകിയട്ടുള്ളത്. ഇത് പ്രകാരം കരാറുകാർക്ക് തുക അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയിൽ കോൺക്രീറ്റ് റോഡിന് മുകളിൽ ട്രഞ്ചിംഗ് & റിഫില്ലിംഗ് നടത്താതെയാണ് GI പൈപ്പ് സ്ഥാപിച്ചിട്ടുള്ളത് എന്ന് 1-9-23 ൽ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. ചെയ്യാത്ത പ്രവൃത്തിക്കും കൂടി തുക അനുവദിച്ചതിലൂടെ കരാറുകാർക്ക് അധികം തുക നൽകാനിടയായി. പ്രവൃത്തിയിൽ ഭൗമോപരിതലത്തിലൂടെ GI പൈപ്പ് സ്ഥാപിച്ച പ്രവൃത്തിക്ക് തെറ്റായ നിരക്ക് അനുവദിച്ച് നൽകിയത് മൂലമാണ് അധികം തുക നൽകാൻ ഇടയായത്.

പ്രവൃത്തിയുടെ വിശദ വിവരങ്ങളും അധിക തുക നൽകിയതിന്റെ വിവരവും താഴെ കൊടുക്കുന്നു.

| പ്രവൃത്തി | ഇനം (2) | ഭൗമോപരിതലത്തിലൂടെ സ്ഥാപിച്ച GI പൈപ്പിന്റെ നീളം | നൽകിയ തുക Code 18.12.6 | നൽകാവുന്ന തുക Code 51.18.12.6 | അധികം |
|---|---|---|---|---|---|
| പ്രോജക്റ്റ് - (137/21)<br>തോന്നിയാട്ടുപോയിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (36/23)<br>അടങ്കൽ: 451000 (CFC ഫണ്ട്)<br>ചെലവ്: 444199<br>വൗച്ചർ നമ്പർ: 84/22-23/21-3-23<br>M Book : E-M Book<br>കരാറുകാരൻ: ശ്രീ നൂറുൽ ഹസ്സൻ കെ ടി<br>കരാർ: 48/22-23 | 50 MmGI പൈപ്പ് സ്ഥാപിക്കൽ<br>(DAR 18.12.6) | 138 M(ഇതിൽ 9 മീറ്റർ നീളം റോഡ് ക്രോസ്സ് ചെയ്യുന്നതിനായി മണ്ണിനടിയിലൂടെയാണ് സ്ഥാപിച്ചത്) | 70817.13<br>(129x548.97 /M)<br>(18.01% Below Estimate Rate, ER-669.48/m) | 58466.67<br>(129x453.23 /M)<br>(18.01% Below Estimate Rate, ER-552.78/m) | 14557<br>(12350.46 (+) GST 18%<br>2223.08) |

| | | | | | |
|---|---|---|---|---|---|
| /28-12-22<br>Cost Index-36.44% ,DAR 2018<br>TS: 20715/2022 /3-12-22 | | | | | |

അധികനിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 14557 രൂപ തിരികെ ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 27/1-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 14557 രൂപ പ്രവത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതാണ്. വിശദാംശത്തിന് ഭാഗം 3 കാണുക.

## 1-38 പദ്ധതികളുടെ പ്രവൃത്തി സ്ഥലം യഥാസമയം കരാറുകാർക്ക് കൈമാറുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2102.1 പ്രകാരം ഒരു പ്രവൃത്തിയുടെ കരാർ ഒപ്പുവച്ച് പത്ത് ദിവസത്തിനകം കരാറുകാരനോ അയാളുടെ അംഗീകൃത പ്രതിനിധിയോ പ്രവൃത്തി സ്ഥലം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഏറ്റെടുക്കേണ്ടതും നിശ്ചിത മാതൃകയിലുള്ള കൈപ്പറ്റ് രശീതി ഒപ്പ് വെച്ച് നൽകേണ്ടതുമാണ്. കരാറുകാരൻ പ്രവൃത്തി സ്ഥലം ഏറ്റെടുക്കാൻ ഹാജരാകുന്നില്ലെങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പ് വെച്ച കൈപ്പറ്റ് രശീതി കരാറുകാരന് രജിസ്റ്റേഡ് തപാലിൽ അയച്ച് കൊടുക്കേണ്ടതുമാണ്.

എന്നാൽ ഇതിന് വിരുദ്ധമായി, കരാർ ഒപ്പ് വെച്ച് മാസങ്ങൾക്ക് ശേഷം മാത്രം പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയതായി കാണുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം 1 | പ്രവൃത്തിയുടെ വിശദാംശം | കരാർ വെച്ച തീയതി 3 | പ്രവൃത്തി സ്ഥലം കൈമാറിയ തീയതി 4 | വൈകിയ കാലയളവ് 5 | അഭിപ്രായം 6 |
|---|---|---|---|---|---|
| 1 | താന്നിക്കുളം നൗഫൽ പടി റോഡ് ടാറിംഗ് (143/23)<br>അടങ്കൽ: 200000 രൂപ (തനത് ഫണ്ട്)<br>കരാറുകാരൻ: ശ്രീ ഖാലിദ് പി<br>കരാർ : 166/21-22/31-3-22<br>ചെലവ് - 201533 രൂപ<br>ചെക്ക് നമ്പർ: 5303374/23-3-23 | 31-3-22 | 23-11-22 | 7 മാസം, 23 ദിവസം | വൈകിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല. AS/TS തുകയേക്കാൾ അധികരിച്ച് 1533 രൂപ അധികം ചെലവഴിച്ചു. |
| 2 | കൊട്ടുംപാറ അംഗനവാടി കുടിവെള്ളപദ്ധതി (110/23)<br>അടങ്കൽ: 200000 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ: ശ്രീ ഖാലിദ് പി<br>കരാർ : 202/20-21/26-2-21`<br>ചെലവ് - 67720 രൂപ<br>BRN: 2215145201810154O328/28-3-23 | 26-2-21 | 30-10-22 | 1വർഷം, 9 മാസം, 9ദിവസം | ഭൂജല വകുപ്പിൽനിന്ന് ഫീസിബിലിറ്റി ലഭിക്കാൻ താമസം. എന്നാൽ, ഒറിജിനൽ എസ്റ്റിമേറ്റ് കുടിവെള്ള ടാങ്ക്, വിതരണ പൈപ്പ് എന്നിവ സ്ഥാപിക്കുന്നതിന്. റിവൈസ്ഡ് എസ്റ്റിമേറ്റ് കുഴൽ കിണർ കുഴിക്കുന്നതിന്. ജല സ്രോതസ്സ് ഇല്ലാതെ ജലവിതരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്തിനാണെന്ന് |

| | | | | | |
|---|---|---|---|---|---|
| | | | | | വ്യക്തമാക്കേണ്ടതാണ്. |
| 3 | തോണിയാട്ടുപോയിൽ SC കോളനി കുടിവെള്ളപദ്ധതി (74/23)<br>അടങ്കൽ: 270000 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ: ശ്രീ സന്തൂപ് വി പി<br>കരാർ : 168/20-21/22-2-21`<br>ചെലവ് - 267314 രൂപ<br>BRN: 2215145201810025350 8/29-6-22 | 22-2-21 | 29-12-21 | 10 മാസം, 8ദിവസം | പ്രവൃത്തിക്കുള്ള സ്ഥലം ലഭ്യമല്ലാത്തതിനാൽ കൈമാറാൻ വൈകി. പ്രവൃത്തിക്കുള്ള സ്ഥലം ലഭ്യമാവാതെ പദ്ധതി തയ്യാറാക്കിയത് ക്രമവിരുദ്ധം. മാത്രമല്ല, പ്രവൃത്തി സ്ഥലം കൈമാറുന്നതിന് മുമ്പ് തന്നെ (3-12-21, അളവ് പുസ്തകം 168/20-21, പേജ് 1) പ്രവൃത്തി തുടങ്ങി. |
| 4 | പുല്ലൂർ കോളനി കുടിവെള്ളപദ്ധതി (83/23)<br>അടങ്കൽ: 100000 രൂപ<br>(വികസന ഫണ്ട് SCP)<br>കരാറുകാരൻ: ശ്രീ നൂറുൽ ഹസ്സൻ<br>കരാർ : 137/19-20/6-3-20<br>ചെലവ് - 99052 രൂപ<br>BRN: 2215145201810018079 4/8-6-22 | 6-3-20 | 5-11-21 | 1വർഷം,<br>8 മാസം, | വൈകിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല. |
| 5 | വാണിയമ്പലം റെയിൽവേ കുടിവെള്ളപദ്ധതി (108/23)<br>അടങ്കൽ: 350000 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ: ശ്രീ ഖാലിദ് പി<br>കരാർ : 204/20-21/21-2-21`<br>ചെലവ് - 349887 രൂപ<br>BRN: 2215145201810080805 9/23-11-22 | 26-2-21 | 20-3-22 | 1വർഷം,<br>23ദിവസം | ഭൂജല വകുപ്പിൽനിന്ന് ഫീസിബിലിറ്റി ലഭികാകൻ താമസം. എന്നാൽ, ഒറിജിനൽ എസ്റ്റിമേറ്റ് പമ്പിഗ് മെയിൻ, കുടിവെള്ള വിതരണ പൈപ്പ് എന്നിവ സ്ഥാപിക്കുന്നതിന്. റിവൈസ്ഡ് എസ്റ്റിമേറ്റ് കുഴൽ കിണർ കുഴിക്കുന്നതിന്. ജല സ്രോതസ്സ് ഇല്ലാതെ ജലവിതരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്തിനാണെന്ന് വ്യക്തമാക്കേണ്ടതാണ്. |

പ്രവൃത്തി സ്ഥലം യഥാസമയം കരാറുകാരന് കൈമാറാത്തതിനും മേൽ പട്ടികയിലെ കോളം 6 ൽ ചൂണ്ടിക്കാണിച്ച് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 28/1-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രവൃത്തി സ്ഥലം യഥാസമയം കരാറുകാരന് കൈമാറാത്തതിനും മേൽ പട്ടികയിലെ കോളം 6 ൽ ചൂണ്ടിക്കാണിച്ച് അപാകതകൾക്കും വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും ക്രമ നമ്പർ ഒന്ന് പ്രവൃത്തിയിൽ AS/TS തുകയേക്കാൾ അധികരിച്ച് അധികം ചെലവഴിച്ച 1533 രൂപ തിരിച്ചടക്കേണ്ടതുമാണ്.

## 1-39 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യാമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ(ഹോമിയോ)

1) പ്രോജക്ട്: ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ (27/23)

അടങ്കൽ-50000 ( Maintanance Fund Non Road)

ചെലവ്- 50000

BRN: 22151452021601327936/23-2-23

പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി, മെഡിക്കൽ ഓഫീസർ(ഹോമിയോ), ഹോംക്കോ ആലപ്പുഴക്ക് മേൽ പ്രകാരം 50000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിത് വരെ മേൽ തുകക്കുള്ള മരുന്നുകൾ ഒന്നും തന്നെ സ്ഥാപനത്തിൽ ലഭ്യമായതായി കാണുന്നില്ല.

മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്. ലഭ്യമായിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 29/1-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 50000 രൂപയുടെ മരുന്ന് ലഭ്യമാക്കി അറിയിക്കേണ്ടതാണ്

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ലൈസൻസ് ഫീസ് കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 8,500 രൂപ നഷ്ടം.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വണ്ടൂർ ഗ്രാമപഞ്ചായത്ത് സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് താഴെ പറയുന്ന പ്രകാരമാണ്.

| സേവന മേഖല | ഫീസ് |
|---|---|
| 3 ലക്ഷം രൂപ വരെ മൂലധന നിക്ഷേപം | 200 രൂപ |
| 3 ലക്ഷം രൂപ മുതൽ 6 ലക്ഷം വരെ മൂലധന നിക്ഷേപം | 300 രൂപ |
| 6 ലക്ഷം രൂപ മുതൽ 10 ലക്ഷം വരെ മൂലധന നിക്ഷേപം | 500 രൂപ |
| 10 ലക്ഷം രൂപ മുതൽ 25 ലക്ഷം വരെ മൂലധന നിക്ഷേപം | 750 രൂപ |
| 25 ലക്ഷം രൂപ മുതൽ 50 ലക്ഷം വരെ മൂലധന നിക്ഷേപം | 1000 രൂപ |
| 50 ലക്ഷം രൂപ മുതൽ 60 ലക്ഷം വരെ മൂലധന നിക്ഷേപം | 2,000 രൂപ |
| 60 ലക്ഷം രൂപ മുതൽ 75 ലക്ഷം വരെ മൂലധന നിക്ഷേപം | 3,000 രൂപ |
| 75 ലക്ഷം രൂപ മുതൽ 1 കോടി വരെ മൂലധന നിക്ഷേപം | 5,000 രൂപ |
| 1 കോടി രൂപ മുതൽ 5 കോടി വരെ മൂലധന നിക്ഷേപം | 10,000 രൂപ. |
| 5 കോടിക്ക് മുകളിൽ മൂലധന നിക്ഷേപം | 15,000 രൂപ. |

എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ ഫീസ് ഈടാക്കിയതിൽ താഴെ പറയുന്ന പ്രകാരം 8,500/- രൂപ കുറവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | ലൈസൻസ് നമ്പർ | ഫീസ് അടവാക്കിയ രശീതി നമ്പർ / തിയ്യതി | മൂലധന നിക്ഷേപം (അപേക്ഷകന്റെ സത്യവാങ്മൂലം പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | മനോജ്കുമാർ, S/o.വേലായുധൻ, തുമ്പത്തൊടിക ഹൗസ്, കുരാട്.പി.ഒ (ഓട്ടോമൊബൈൽ സ്പെയർ പാർട്സ്) | 61/01.04.2022 | 1210200681 / 22.02.2022 | 5 ലക്ഷം | 300 | 200 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | നൗഷാദ്, S/o.ഹംസ, കളത്തുർ ഹൗസ്, മണ്ണാർക്കാട്.പി.ഒ (ടെക്സ്റ്റയിൽസ്) | 10/01.04.2022 | 1210200581 / 22.02.2022 | 8 ലക്ഷം | 500 | 300 | 200 |
| 3 | ത്വാഹാമോൻ.എം, S/o.മുഹമ്മദ്, മാട്ടുമ്മൽ ഹൗസ്, മമ്പാട്.പി.ഒ (ടൈൽസ് സ്റ്റോക്ക്) | 72/01.04.2022 | 1210200698 / 22.02.2022 | 10 ലക്ഷം | 750 | 300 | 450 |
| 4 | മിർഷിദ് ഇർഫാൻ, തമ്പാർ ഹൗസ്, മമ്പാട്.പി.ഒ (ഫർണിച്ചർ വിൽപ്പന) | 79/01.04.2022 | 1210200709 / 22.02.2022 | 20 ലക്ഷം | 750 | 300 | 450 |
| 5 | അബ്ദുൾ സലാം.ഇ.സി, ഏലച്ചോല ഹൗസ്, കാവുങ്ങൽ, മലപ്പുറം (സാനിറ്ററിവെയർ) | 85/01.04.2022 | 1210200709 / 22.02.2022 | 10 ലക്ഷം | 750 | 500 | 250 |
| 6 | ആസ്യ പയ്യുണ്ണി, W/o.അബ്ദുൾ ലത്തീഫ്, ഏലാട്ടുപറമ്പിൽ ഹൗസ്, വണ്ടൂർ (ടെക്സ്റ്റൈൽസ്) | 100/01.04.2022 | 1210200737 / 22.02.2022 | 10 ലക്ഷം | 750 | 300 | 450 |
| 7 | ടി.യൂസുഫ്, S/o.ഉമ്മർ മൗലവി, തെന്നാടൻ ഹൗസ്, പോരൂർ (ടെക്സ്റ്റൈൽസ്) | 101/01.04.2022 | 1210200739 / 22.02.2022 | 10 ലക്ഷം | 750 | 300 | 450 |
| 8 | അശോകൻ.വി.കെ, വേഴക്കോടൻ ഹൗസ്, കാപ്പിൽ.പി.ഒ (ബേക്കറി & റസ്റ്റോറന്റ്) | 129/01.04.2022 | 1210200830 / 23.02.2022 | 50 ലക്ഷം | 2000 | 1000 | 1000 |
| 9 | ഷംസുദ്ധീൻ.കെ, കല്ലുവെട്ടുകുഴിയിൽ ഹൗസ്, പൂക്കളം, വണ്ടൂർ (സിമന്റ് വ്യാപാരം) | 136/01.04.2022 | 1210200843 / 22.02.2022 | 5 ലക്ഷം | 300 | 200 | 100 |
| 10 | അഷറഫ്, തച്ചുപറമ്പൻ ഹൗസ്, കറ്റിയിൽ, വാണിയമ്പലം. (അപ്പോളിസ്റ്ററി സാധനങ്ങൾ വിൽപ്പന) | 145/01.04.2022 | 1210200862 / 23.02.2022 | 25 ലക്ഷം | 1000 | 300 | 700 |
| 11 | ബാലകൃഷ്ണൻ പാച്ചൻ, കിഴക്കവീട്ടിൽ “കാർത്തിക”, നായാട്ടുകല്ല്, കാരാട് (ടെക്സ്റ്റൈൽസ്) | 146/01.04.2022 | 1210200866 / 23.02.2022 | 5 ലക്ഷം | 300 | 200 | 100 |
| 12 | മുജീബ് റഹ്മാൻ, പുതുവളപ്പിൽ ഹൗസ്, തെക്കുംപുറം, കുരാട് (കാർ ആക്സസറീസ് വിൽപ്പന) | 162/01.04.2022 | 1210200897 / 23.02.2022 | 4 ലക്ഷം | 300 | 200 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13 | റജിമോൻ.പി.ടി, പുത്തൻ വീട്ടിൽ ഹൗസ്, ഷുറ്റമ്പാറ (റബ്ബർ വ്യാപാരം) | 168/01.04.2022 | 1210200909 / 23.02.2022 | 20 ലക്ഷം | 750 | 300 | 450 |
| 14 | ഷൗക്കത്തലി, മാവുങ്ങൽ ഹൗസ്, കറുത്തേനി, അഞ്ചച്ചവിടി, കാളികാവ് (ഹാർഡ്‌വെയർ) | 187/01.04.2022 | 1210200843 / 23.02.2022 | 10 ലക്ഷം | 750 | 500 | 250 |
| 15 | ഷഹീർ.കെ.ടി, കാടംതൊടി ഹൗസ്, ശാന്തി നഗർ, വാണിയമ്പലം.പി.ഒ (ബേക്കറി & കൂൾബാർ) | 189/01.04.2022 | 1210200952 / 23.02.2022 | 10 ലക്ഷം | 750 | 500 | 250 |
| 16 | ബാലകൃഷ്ണൻ.ടി.കെ, ചൈത്രം, പുന്നപ്പാല.പി.ഒ (ടെക്സ്റ്റൈൽസ്) | 191/01.04.2022 | 1210200955 / 23.02.2022 | 15 ലക്ഷം | 750 | 500 | 250 |
| 17 | ജമാലുദ്ദീൻ, ചക്കിച്ചാംപറമ്പിൽ ഹൗസ്, കണ്ണമംഗലം, തിരുരങ്ങാടി (സ്വർണ്ണാഭരണ വിൽപ്പന) | 214/01.04.2022 | 1210201002/ 23.02.2022 | 10 ലക്ഷം | 750 | 500 | 250 |
| 18 | ഹാരിസ് ബാബു, കണ്ണിയൻ ഹൗസ്, പഴേടം, കാരക്കുന്ന്. (ഫുട്‌വെയർ) | 236/01.04.2022 | 12102010050/ 23.02.2022 | 4 ലക്ഷം | 300 | 200 | 100 |
| 19 | ഗിരിപ്രസാദ്.കെ, കൊറളിയോടൻ ഹൗസ്, വണ്ടൂർ (പലചരക്ക് കട) | 250/01.04.2022 | 1210201054/ 23.02.2022 | 4 ലക്ഷം | 300 | 200 | 100 |
| 20 | വേണഗോപാലൻ.കെ, കുരിയോടൻ ഹൗസ്, വണ്ടൂർ (റസ്റ്റോറന്റ്) | 238/01.04.2022 | 1210201058/ 23.02.2022 | 3 ലക്ഷം | 300 | 200 | 100 |
| 21 | ഹാരിഷ്.കെ, കുടക്കുന്നൻ ഹൗസ്, വണ്ടൂർ (ഫാൻസി & ഗിഫ്റ്റ്) | 250/01.04.2022 | 1210201081/ 24.02.2022 | 10 ലക്ഷം | 750 | 300 | 450 |
| 22 | മുജീബ് റഹ്മാൻ.എം, മാഞ്ചേരി ഹൗസ്, പൂങ്ങോട്.പി.ഒ (ലൈറ്റ് & സൗണ്ട് വാടക) | 277/01.04.2022 | 1210201138/ 24.02.2022 | 5 ലക്ഷം | 300 | 200 | 100 |
| 23 | അബ്ബാസ്, തുള്ളിശ്ശേരി ഹൗസ്, വണ്ടൂർ (ഹാർഡ്‌വെയർ) | 293/01.04.2022 | 1210201169/ 24.02.2022 | 15 ലക്ഷം | 750 | 500 | 250 |
| 24 | സുനിൽകുമാർ.എൻ.എസ്, നീലായിൽ ഹൗസ്, നടുവത്ത്. (ഇലക്ട്രിക്കൽ പവർ ടൂൾസ് വിൽപ്പന) | 312/01.04.2022 | 1210202207/ 24.02.2022 | 8 ലക്ഷം | 500 | 300 | 200 |
| 25 | അബ്ദുൾ നാസർ, | 525/01.04.2022 | 1210105520/ | 25 ലക്ഷം | 1000 | 500 | 500 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പാറഞ്ചീരി ഹൗസ്, കുറ്റിയിൽ, വാണിയമ്പലം (മെഡിക്കൽ, സർജിക്കൽ വിൽപ്പന) | | 12.03.2022 | | | | |
| 26 | മുഹമ്മദ് നാസർ, പൂലാട്ട് ഹൗസ്, വണ്ടൂർ (വീട്ടുപകരണങ്ങൾ കയറ്റുമതി & ഇറക്കുമതി) | 573/01.04.2022 | 1210106555/ 23.03.2022 | 10 ലക്ഷം | 750 | 300 | 450 |
| 27 | ബാബു വർഗ്ഗീസ്, തൊടിയിൽ പുത്തൻവീട്, പുന്നപ്പാല (ടോയ്സ് & കോസ്മെറ്റിക്സ് - കയറ്റുമതി & ഇറക്കുമതി) | 573/01.04.2022 | 1210106557/ 23.03.2022 | 10 ലക്ഷം | 750 | 300 | 450 |
| ആകെ | | | | | 17900 | 9400 | 8500 |

നഷ്ടത്തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 30/02-09-2023-മറുപടി ലഭ്യമാക്കിയിട്ടില്ല).

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വീട് വാസയോഗ്യമാക്കൽ - മൂല്യനിർണ്ണയ തുകയിൽ പരിമിതപ്പെടുത്താതെ ധനസഹായം അനുവദിച്ചു.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | : | 153/23 |
| പദ്ധതിയുടെ പേര് | : | വീട് വാസയോഗ്യമാക്കൽ എസ്.ടി 2022-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | വി.ഇ.ഒ |
| അടങ്കൽ തുക (₹) | : | 36,00,000/- |
| ചെലവ് (₹) | : | 21,00,000/- (വികസന ഫണ്ട് - എസ്.സി.പി) |
| ബിൽ നമ്പർ/തീയതി | : | 22151452021901576229/31.03.2023 – 3,50,000/- രൂപ. |
| | : | 22151452021501576262/31.03.2022 – 4,50,000/- രൂപ. |
| | : | 22151452021901516831/28.03.2023 – 9,50,000/- രൂപ. |
| | : | 22151452021901516959/28.03.2023 – 50,000/- രൂപ. |
| | : | 22151452021901576320/31.03.2023 – 3,00,000/- രൂപ. |

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി.28.05.2022) പ്രകാരം വീട് വാസയോഗ്യമാക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പരമാവധി 1,50,000 രൂപ നൽകാവുന്നതാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം തുക അനുവദിച്ചപ്പോൾ ശ്രീ.രാജൻ.പി, പാലക്കോടൻ ഹൗസ്, അരിപ്പമാട്, കാപ്പിൽ.പി.ഒ, വണ്ടൂർ എന്ന ഗുണഭോക്താവിന് മൂല്യനിർണ്ണയ തുകയിൽ പരിമിതപ്പെടുത്താതെ ധനസഹായം അനുവദിച്ചത് മൂലം 9,500/- രൂപ വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നമ്പർ/തീയതി | അനുവദിച്ച തുക (₹) | മൂല്യ നിർണ്ണയ സാക്ഷ്യപത്ര പ്രകാരമുള്ള തുക (₹) | അധികം അനുവദിച്ച തുക. (₹) |
|---|---|---|---|
| 22151452021901576229/31.03.2023 | 50,000/- | 40,500/- | 9,500/- |

അധികം ചെലവഴിച്ച 9,500/- രൂപ ഉത്തരവാദിയായ വി.ഇ.ഒ യിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 02/24.08.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല)

### 3-2 GI പൈപ്പ് സ്ഥാപിച്ചതിന് അധികനിരക്കിൽ തുക നൽകി.നഷ്ടം 14557 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ പറയുന്ന കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റിൽ പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ എന്നിവക്ക് വേണ്ടി GIപൈപ്പ് സ്ഥാപിക്കുന്നതിന് ട്രഞ്ചിംഗ് & റിഫില്ലിംഗ് ഉൾപ്പെടെയുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഇത് പ്രകാരം കരാറുകാർക്ക്

തുക അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയിൽ കോൺക്രീറ്റ് റോഡിന് മുകളിൽ ട്രഞ്ചിംഗ് & റിഫില്ലിംഗ് നടത്താതെയാണ് GI പൈപ്പ് സ്ഥാപിച്ചിട്ടുള്ളത് എന്ന് 1-9-23 ൽ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. ചെയ്യാത്ത പ്രവൃത്തിക്കും കൂടി തുക അനുവദിച്ചതിലൂടെ കരാറുകാർക്ക് അധികം തുക നൽകാനിടയായി. പ്രവൃത്തിയിൽ ഭൗമോപരിതലത്തിലൂടെ GI പൈപ്പ് സ്ഥാപിച്ച പ്രവൃത്തിക്ക് തെറ്റായ നിരക്ക് അനുവദിച്ച് നൽകിയത് മൂലമാണ് അധികം തുക നൽകാൻ ഇടയായത്.

പ്രവൃത്തിയുടെ വിശദ വിവരങ്ങളും അധിക തുക നൽകിയതിന്റെ വിവരവും താഴെ കൊടുക്കുന്നു.

| പ്രവൃത്തി | ഇനം (2) | ഭൗമോപരിതലത്തിലൂടെ സ്ഥാപിച്ച GI പൈപ്പിന്റെ നീളം | നൽകിയ തുക Code 18.12.6 | നൽകാവുന്ന തുക Code 51.18.12.6 | അധികം |
|---|---|---|---|---|---|
| പ്രോജക്റ്റ് - (137/21) തോന്നിയാട്ടുപോയിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (36/23) അടങ്കൽ: 451000 (CFC ഫണ്ട്) ചെലവ്: 444199 വൗച്ചർ നമ്പർ: 84/22-23/21-3-23 M Book : E-M Book കരാറുകാരൻ: ശ്രീ നൂറുൽ ഹസ്സൻ കെ ടി കരാർ: 48/22-23 /28-12-22 Cost Index-36.44% ,DAR 2018 TS: 20715/2022 /3-12-22 | 50 MmGI പൈപ്പ് സ്ഥാപിക്കൽ (DAR 18.12.6) | 138 M(ഇതിൽ 9 മീറ്റർ നീളം റോഡ് ക്രോസ്സ് ചെയ്യുന്നതിനായി മണ്ണിനടിയിലൂടെ യാണ് സ്ഥാപിച്ചത്) | 70817.13 (129x548.97/m) (18.01% Below Estimate Rate, ER-669.48/m) | 58466.67 (129x453.23/m) (18.01% Below Estimate Rate, ER-552.78/m) | 14557 (12350.46 (+) GST 18% 2223.08) |

അധികനിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 14557 രൂപ തിരികെ ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 27/1-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 14557 രൂപ പ്രവത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2022-23 | 21.08.2023-2.09.2023 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 329000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികക്ക് സ്കോളർഷിപ്പ് 2/23 | 329000 | 0 |

| | | | | |
|---|---|---|---|---|
| | 400000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-176/23 | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 454315 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 2/23 | 454315 | 0 |
| | 960000 | ലൈഫ് ഭവന പദ്ധതി (എസ്.സി) 166/23 | 960000 | 0 |
| | 720000 | ലൈഫ് ഭവന പദ്ധതി (എസ്.സി) 48/23 | 720000 | 0 |
| | 250000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 176/23 | 250000 | 0 |
| | 500000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ 323/23 | 500000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം./ പ്രവൃത്തിയുടെ പേര് | ബിൽനം./വൗച്ചർ നം.തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ചെമ്പോത്ത്പോയിൽ കുടിവെള്ള പദ്ധതിക്ക് ത്രീ ഫെയ്സ് ലൈൻ കണക്ഷൻ ലഭ്യമാക്കൽ | 1.27/22-23/26.11.2022-100000/-<br>2.2022231514B0002274022/23.12.2022-92992/- | 192992 | 192992 | 0 |
| കെ.എസ്.ഇ.ബി | ചിങ്ങംപറ്റ വൈദ്യുതി ലൈൻ ത്രീ ഫെയ്സ് കണക്ഷൻ ലഭ്യമാക്കൽ | 22201203/22.2.2023 | 99251 | 99251 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018 /LSGD/ 18.05.18 | 15180000 | 47269947 | 9501629 | 0 | 52948318 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പി എം എസ് എ മെമ്മോറിയൽ മലപ്പുറം ജില്ലാ സഹകരണ ആശുപത്രി ലിമിറ്റഡ്,മലപ്പുറം ,ഷെയറുകൾ | 3000 |
| ആകെ | 3000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഇപ്പോഴത്തെ അവസ്ഥ | വിഷയം |
|---|---|---|---|---|---|
| 2014-15 | | 2016-17 | 2(1),2(2) | നടപടി തുടരുന്നു | 2-1 വസ്തുനികുതി, 2-2 തൊഴിൽ നികുതി |
| 2019-20 | 1-25 | 2020-21 | അനുബന്ധം 2 | നടപടി തുടരുന്നു | മെഡിക്കൽ ഓഫീസർ (PHC) (പേയ്മെന്റ്) |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം.

(എ). ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി). സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 28,21,08,745 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 26,45,19,162 |
| വരവിനങ്ങളിലുള്ള നഷ്ടം | 8500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24,057 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38,16,116 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 8500 രൂപ | | ശ്രീ.മുഹമ്മദ് അഷ്റഫ് വൈ. പി., സെക്രട്ടറി |
| 3-1 | | 9500 രൂപ | ശ്രീ. സാജൻ എൻ, വി.ഇ.ഒ |
| 3-2 | | 14557 രൂപ | ശ്രീമതി. ഗ്രീഷ്മ ജി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 8500 രൂപ | 24057 രൂപ | |

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 75,000 | ശ്രീ. വൈ പി മുഹമ്മദ് അഷ്റഫ് ,സെക്രട്ടറി |
| 1-23 | 30,84,066 | ശ്രീ. വൈ പി മുഹമ്മദ് അഷ്റഫ് ,സെക്രട്ടറി |

| | | |
|---|---|---|
| 1-24 | 1,05,000 | ശ്രീ. ശബരികൃഷ്ണ ബി ആർ,അസിസ്റ്റൻറ് സെക്രട്ടറി |
| 1-25 | 75,000 | ശ്രീ. ശബരികൃഷ്ണ ബി ആർ ,അസിസ്റ്റൻറ് സെക്രട്ടറി |
| 1-29 | 4,77,050 | ശ്രീ. വൈ പി മുഹമ്മദ് അഷ്റഫ് ,സെക്രട്ടറി |
| ആകെ | 38,16,116 | |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വൈ പി മുഹമ്മദ് അഷ്റഫ് ,സെക്രട്ടറി | ബി.ഡി.ഒ, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | യാക്കിപ്പറമ്പൻ, വടക്കുമുറി,ഊർങ്ങാട്ടിരി, 673639 |
| ശ്രീ. സാജൻ എൻ, വി.ഇ.ഒ | വി.ഇ.ഒ, കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | നെച്ചിക്കോടൻ ഹൌസ്, തച്ചിങ്ങനാടം പി.ഒ, 679325 |
| ശ്രീമതി. ഗ്രീഷ്മ ജി. ആർ | അസി.എഞ്ചിനീയർ, കാളികാവ് ഗ്രാമപഞ്ചായത്ത് | ത്രിവേണി, എടക്കുന്നം, ചാരംമൂട് പി.ഒ, ആലപ്പുഴ, 690505 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1. | 1996-97 | എൽ.എഫ്.എം.15/798/98 തീയതി 03-10-1998/13.07.04 | 40 |
| 2. | 1997-98 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 3 |
| 3. | 1998-99 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 4 |
| 4. | 1999-2000 ചെലവ് | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 1 |
| 5. | 1999-2000 വരവ് | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 3 |
| 6. | 2000-01 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 2 |
| 7. | 2001-02 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 4 |
| 8. | 2003-04 | കെ.എസ്.എ.എം.പി.എം.6/1237/18 തീയതി 25-05-2018 | 5 |
| 9. | 2005-06 | കെ.എസ്.എ.എം.പി.എം.6/906/2008 തീയതി 14-10-2019 | 2 |
| 10. | 2006-07 | കെ.എസ്.എ.എം.പി.എം. 6/907/08 തീയതി 14-10-2019 | 11 |

| | | | |
|---|---|---|---|
| 11. | 2008-09 | കെ.എസ്.എ.എം.പി.എം. 6/1255/10 തീയതി 14-10-2019 | 3 |
| 12. | 2009-10 | കെ.എസ്.എ.എം.പി.എം. 6/1256/10 തീയതി 14-10-2019 | 4 |
| 13. | 2010-11 | കെ.എസ്.എ.എം.പി.എം.6/940/12 തീയതി 14-10-2019 | 1 |
| 14. | 2011-12,2012-13 | കെ.എസ്.എ.എം.പി.എം.6/91/2022 തീയതി | 12 |
| 15. | 2013-14 | കെ.എസ്.എ.എം.പി.എം.6/91/2022 തീയതി | 1 |
| 16. | 2014-15 | കെ.എസ്.എ.എം.പി.എം.6/91/2022 തീയതി | 2 |
| 17. | 2015-16 | കെ.എസ്.എ.എം.പി.എം.6/1072/2023 തീയതി 26-05-2023 | 4 |
| 18. | 2016-17 | കെ.എസ്.എ.എം.പി.എം.6/1072/2023 തീയതി 26-05-2023 | 8 |
| 19. | 2017-18 | കെ.എസ്.എ.എം.പി.എം.6/1072/2023 തീയതി 26-05-2023 | 11 |
| 20. | 2018-19 | കെ.എസ്.എ.എം.പി.എം.6/ 1072/2023 തീയതി 26-03-2023 | 11 |
| 21. | 2019-20 | കെ.എസ്.എ.എം.പി.എം.6/1233/2021 തീയതി 18.08.21 | 28 |
| 22. | 2020-21 | കെ.എസ്.എ.എം.പി.എം.6/1234/2021 തീയതി 20.08.22 | 11 |
| 23. | 2021-22 | കെ.എസ്.എ.എം.പി.എം.6/383/2023 തീയതി 06.06.2023 | 14 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

എം.എ.9/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 10-07-2023 and submitted on 02-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Wandoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Wandoor Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Wandoor Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1)The following mandatory financial statements prescribed in accounting rules are not submitted for audit

i. Ratios

ii. Notes on accounts

iii. Comparative amounts)

2)Asset Register is not upto date and hence not reliable for audit

3)Calculated Worksheet of Depreciation of Fixed Assets is not produced for verification.

4)Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

5)Total expenditure shown in the MGNREGS head is not tally with supporting documents produced for verification.

6)Loan Register is not uptodated.

7)Year end closing balance shown in the accounts of Panjab National Bank (4363000100374445),Panjab National Bank(4363000100374436) etc.is not tally with closing balance of Annual Financial Statement

8)Total Expenditure as per Grant Statement of Development Fund (General),S C P, Maintainace Fund (Non -Road),C F C (Tied),Untied etc.is also not tally with Annual Financial Statement

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്